2026
FEBRUARY
26
THURSDAY

www.societytodaynews.com

# സൊസൈറ്റി ടുഡേ

SOCIETY TODAY e-paper




# റോഡ് നിർമ്മാണത്തിൽ ഗുണനിലവാരം: നൂതന സാങ്കേതിക വിദ്യയുമായി കേന്ദ്രസർക്കാർ

**ന്യൂഡൽഹി:** റോഡ് നിർമ്മാണത്തിൽ ഗുണനിലവാരം ഉറപ്പാക്കുന്ന നൂതന സാങ്കേതിക വിദ്യയുമായി കേന്ദ്ര ഉപരിതല ഗതാഗത, ഹൈവേ മന്ത്രാലയം. മൊബൈൽ ഗുണനിലവാര പരിശോധന വാനുകൾ ഉപയോഗിച്ച് ദേശീയ പാതകളിലെ നിർമ്മാണ ഗുണനിലവാരം സൂക്ഷ്മമായി നിരീക്ഷിക്കുന്നതിനായി കേന്ദ്ര ഉപരിതല ഗതാഗത, ഹൈവേ മന്ത്രാലയം പൈലറ്റ് പദ്ധതി തയ്യാറാക്കി. രാജസ്ഥാൻ, ഗുജറാത്ത്, കർണാടക, ഒഡീഷ എന്നീ നാല് സംസ്ഥാനങ്ങളിൽ പൈലറ്റ് പദ്ധതി നടപ്പിലാക്കി. നിർമ്മാണം പുരോഗമിച്ചുകൊണ്ടിരിക്കുന്ന ദേശീയപാത നിർമ്മാണത്തിന്റെ ഗുണനിലവാരം വേഗത്തിൽ നിർണ്ണയിക്കാൻ ഈ മൊബൈൽ ഗുണനിലവാര പരിശോധനാ വാനുകൾ ഉപയോഗിക്കും. ഓരോ മൊബൈൽ വാനും ഒരു സഞ്ചരിക്കുന്ന ലബോറട്ടറിയായി പ്രവർത്തിക്കുന്നു. പൂർണ്ണമായും സുരക്ഷിതമായ പരിശോധന ഉപകരണങ്ങൾ കൊണ്ട് ഇവ സജ്ജീകരിച്ചിരിക്കുന്നു. അൾട്രാസോണിക് പൾസ് വെലോസിറ്റി മീറ്ററുകൾ, റീബൗ ഹാമറുകൾ, അസ്ഫാൽട്ട് ഡെൻസിറ്റി ഗേജുകൾ, റിഫ്ളക്റ്റോ മീറ്ററുകൾ എന്നിവ ഈ വാനിൽ ഉൾപ്പെടുന്നു. നിർമ്മാണ പ്രവർത്തനത്തെ തടസ്സപ്പെടുത്താതെ, റോഡുകളുടെ നിർമ്മാണ ഗുണനിലവാരം പരിശോധിക്കാൻ സഹായിക്കുന്ന നൂതനമായ നോൺ ഡിസ്ട്രക്റ്റീവ് പരിശോധന ഉപകരണങ്ങളാണ് സവിശേഷത. ഉപരിതല കാഠിന്യം വിലയിരുത്തുന്നതിനും സൈറ്റിലെ കാഠിന്യമുള്ള



കോൺക്രീറ്റ് ഘടനകളുടെ കരുത്ത് കണക്കാക്കുന്നതിനും ഈ പരിശോധന ഉപയോഗിക്കുന്നു. അൾട്രാസോണിക് പൾസ് വെലോസിറ്റി മീറ്റർ കോൺക്രീറ്റിലൂടെ ശബ്ദ തരംഗങ്ങൾ അയയ്ക്കുകയും വിള്ളലുകൾ, ശൂന്യ ഇടങ്ങൾ , ഘടനാ വ്യത്യാസം എന്നിവ പരിശോധിക്കുകയും ചെയ്യുന്നു. അസ്ഫാൽട്ട് ഡെൻസിറ്റി ഗേജുകൾ നടപ്പാതയുടെ ദീർഘായുസ് ഉറപ്പാക്കാൻ ശരിയായ അസ്ഫാൽട്ട് സാന്ദ്രത പരിശോധിക്കുന്നതിന് നിർമ്മാണ സ്ഥലത്ത് വേഗതയേറിയതും ന്യൂക്ലിയർ ഇതരവുമായ പരിശോധന നടത്തുന്ന പോർട്ടബിൾ ഉപകരണങ്ങളാണ് ഭാരം കുറഞ്ഞ റിഫ്ളക്റ്റോ മീറ്റർ ഹൈവേകൾ ദീർഘകാലം നിലനിൽക്കുന്നതിന് സ്ഥിരതയുള്ള അടിത്തറ ഉറപ്പാക്കാൻ മണ്ണിന്റെയും ഗ്രാനുലാർ പാളിയുടെയും സാന്ദ്രത കണക്കാക്കാൻ സഹായിക്കുന്നു. റിഫ്ളക്റ്റോ മീറ്ററുകൾ റോഡ് അടയാളങ്ങളുടെയും അടയാളപ്പെടുത്തലുകളുടെയും ദൃശ്യപരത വിലയിരുത്തുന്നു. അവ വാഹനമോടിക്കുന്നവർക്ക് രാവും പകലും വ്യക്തമായി വായിക്കാൻ കഴിയുന്നുണ്ടെന്ന് ഉറപ്പാക്കുന്നു.

ഈ സാങ്കേതികവിദ്യകൾ ഒരുമിച്ച്, ഗുണനിലവാര നിയന്ത്രണത്തിലൂടെ ഇന്ത്യയിലെ ഹൈവേകളിലെ സുരക്ഷ, ഈട്, വിശ്വാസ്യത എന്നിവ മുൻകൂട്ടി ഉറപ്പാക്കാൻ സഹായിക്കുന്നുവെന്നും മന്ത്രാലയം അധികൃതർ വ്യക്തമാക്കി. പരിശോധനാ ഫലങ്ങൾ മന്ത്രാലയം അതിന്റെ ഫീൽഡ് ഓഫീസുകളുമായി പങ്കിടും. എന്തെങ്കിലും ഗുണനിലവാര പോരായ്മകൾ കണ്ടെത്തിയാൽ, ഫീൽഡ് ഓഫീസ് ഉചിതമായ നടപടി സ്വീകരിക്കും. പൈലറ്റ് പ്രോജക്റ്റ് അടുത്ത ഘട്ടത്തിലേക്ക് കടക്കുമ്പോൾ, ഈ വാനുകൾ സൃഷ്ടിക്കുന്ന ടെസ്റ്റ് റിപ്പോർട്ടുകൾ ഓൺലൈനിൽ ലഭ്യമാക്കുന്നതിനായി മന്ത്രാലയം, ദേശീയപാത ഗുണനിലവാര നിരീക്ഷണ പോർട്ടൽ വികസിപ്പിച്ചുകൊണ്ടിരിക്കുകയാണ്. മൊബൈൽ വാനുകളുടെ തത്സമയ ജിപിഎസ് ട്രാക്കിംഗ് ഈ പോർട്ടൽ വഴി നൽകുന്നു. മൊബൈൽ ഗുണനിലവാര നിയന്ത്രണ സംവിധാനം കൂടുതൽ സംസ്ഥാനങ്ങളിലേക്ക് വ്യാപിപ്പിക്കാൻ ഒരുങ്ങുന്നു: ഉത്തർപ്രദേശ്, മഹാരാഷ്ട്ര, ബീഹാർ, ഝാർഖണ്ഡ്, ആന്ധ്രാപ്രദേശ്, തെലങ്കാന, തമിഴ്നാട്, മധ്യപ്രദേശ്, ഛത്തീസ്ഗഢ്, അസം, മേഘാലയ എന്നിവയുൾപ്പെടെ 11 സംസ്ഥാനങ്ങളിലായി എംക്യുസിവികളുടെ അടുത്ത ഘട്ടം ഇതിനകം മന്ത്രാലയം ആസൂത്രണം ചെയ്തിട്ടുണ്ട്. എംക്യുസിവികളുടെ അടുത്ത ഘട്ടത്തിനായുള്ള ടെൻഡറുകൾ ഇതിനോടകം ക്ഷണിച്ചിട്ടുണ്ട്. 2026 ജൂണിൽ ഇവ കമ്മീഷൻ ചെയ്യുമെന്നാണ് പ്രതീക്ഷിക്കുന്നത്.

# സ്വതന്ത്രവ്യാപാരക്കരാർ: ഇന്ത്യ– ജിസിസി ചർച്ചയ്ക്ക് തുടക്കം

**ന്യൂഡൽഹി:** ഇന്ത്യയും ഗൾഫ് സഹകരണ സമിതിയും (ജിസിസി) തമ്മിലെ സ്വതന്ത്ര വ്യാപാരക്കരാർ സംബന്ധിച്ച ചർച്ചകൾക്ക് ഔദ്യോഗികമായി തുടക്കമായി. കേന്ദ്ര വാണിജ്യ വ്യവസായ മന്ത്രി പിയൂഷ് ഗോയലും ജിസിസി സെക്രട്ടറി ജനറൽ ജസീം ബിൻ മുഹമ്മദ് അൽ ബുദൈവിയും ന്യൂഡൽഹിയിൽ നടന്ന ചടങ്ങിൽ സ്വതന്ത്ര വ്യാപാരക്കരാർ സംബന്ധിച്ച സംയുക്ത പ്രസ്താവനയിൽ ഒപ്പു വെച്ചതോടെയാണ് ചർച്ചകൾക്ക് തുടക്കമായത്. ഇന്ത്യ ചരിത്രപരമായി ദീർഘകാല ബന്ധം പുലർത്തുന്ന സുപ്രധാന മേഖലയുമായി നടത്തുന്ന വ്യാപാരപ്രവർത്തനങ്ങളുടെ വിപുലീകരണത്തിന് കരാറിൽ വലിയ സാധ്യതകളുണ്ട്. ഇന്ത്യയുടെ ഏറ്റവും വലിയ വ്യാപാര പങ്കാളിത്ത കൂട്ടായ്മയാണ് ജിസിസി. 2024–25 സാമ്പത്തിക വർഷം ഇരുപക്ഷവും തമ്മിലെ ഉഭയകക്ഷി വ്യാപാരം 178.56 ബില്യൺ യുഎസ് ഡോളറിലെത്തി (കയറ്റുമതി – 56.87 ബില്യൺ ഡോളർ, ഇറക്കുമതി– 121.68 ബില്യൺ ഡോളർ). ഇത് ഇന്ത്യയുടെ ആഗോള വ്യാപാരത്തിന്റെ 15.42 ശതമാനമാണ്. കഴിഞ്ഞ അഞ്ച് വർഷത്തിനിടെ ജിസിസിയുമായി ഇന്ത്യയുടെ വ്യാപാരം പ്രതിവർഷം ശരാശരി 15.3 ശതമാനം വളർച്ചയോടെ സ്ഥിരമായി വികസിച്ചുകൊണ്ടിരിക്കുന്നു.

എൻജിനീയറിങ് സാധനങ്ങൾ, അരി, തുണിത്തരങ്ങൾ, യന്ത്രസാമഗ്രികൾ, രത്നങ്ങൾ, ആഭരണങ്ങൾ എന്നിവയാണ് ഇന്ത്യയിൽ നിന്ന് ജിസിസിയിലേക്ക് പ്രധാനമായും കയറ്റുമതി ചെയ്യുന്നത്. ക്രൂഡ് ഓയിൽ, എൽഎൻജി, പെട്രോകെമിക്കൽസ്, സ്വർണം പോലുള്ള വിലയേറിയ ലോഹങ്ങൾ എന്നിവയാണ് പ്രധാനമായും ഇറക്കുമതി ചെയ്യുന്നത്. ജിസിസി രാജ്യങ്ങൾ ഒരുമിച്ച് 61.5 ദശലക്ഷം ജനങ്ങൾ അധിവസിക്കുന്ന വിപണിയാണ്. നിലവിലെ മൂല്യമനുസരിച്ച് 2.3 ട്രില്യൺ യുഎസ് ഡോളർ ജിഡിപി രേഖപ്പെടുത്തിയ ജിസിസി മേഖല ഈ വിഭാഗത്തിൽ ആഗോളതലത്തിൽ ഒൻപതാം സ്ഥാനത്താണ്. 2025 സെപ്റ്റംബർ വരെ ലഭ്യമായ കണക്കനുസരിച്ച് 31.14 ബില്യൺ യുഎസ് ഡോളറിലധികം നിക്ഷേപവുമായി ഇന്ത്യയിലെ നേരിട്ടുള്ള വിദേശ നിക്ഷേപത്തിന്റെ പ്രധാന സ്രോതസ്സു കൂടിയാണ് ജിസിസി രാജ്യങ്ങൾ.ഇരുപക്ഷവും തമ്മിലെ സജീവ ബന്ധത്തിന്റെ കണ്ണിയായി പ്രവർത്തിക്കുന്ന ഏകദേശം ഒരു കോടിയോളം ഇന്ത്യൻ പ്രവാസി സമൂഹം ജിസിസി രാജ്യങ്ങളിലുണ്ട്. ജനങ്ങൾ തമ്മിലെ ഈ ശക്തമായ ബന്ധമാണ് ഇന്ത്യയ്ക്കും ജിസിസി രാജ്യങ്ങൾക്കുമിടയിലെ സൗഹൃദത്തിന്റെ അടിത്തറ. മേഖലയിലുടനീളം ഇന്ത്യൻ കമ്പനികളുടെ ശക്തമായ സാന്നിധ്യം ഈ ബന്ധത്തെ കൂടുതൽ ശക്തിപ്പെടുത്തുന്നു. ഇന്ത്യ ജിസിസി സ്വതന്ത്ര വ്യാപാരക്കരാർ ഒപ്പുവെയ്ക്കുന്നതോടെ ഇരുപക്ഷവും തമ്മിലെ വ്യാപാരത്തിന്റെ പൂർണ സാധ്യതകൾ പുറത്തെടുക്കാനും കയറ്റുമതി വൈവിധ്യവൽക്കരിക്കാനും സാമ്പത്തിക സംയോജനം ശക്തിപ്പെടുത്താനും സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

# കെ ഇ–സൈക്കിൾ ഉദ്ഘാടനം ഇന്ന്

**തിരുവനന്തപുരം:** കേരളത്തിന്റെ സ്വന്തം ഇലക്ട്രിക് സൈക്കിളായ കെ ഇ–സൈക്കിളിന്റെ ഉദ്ഘാടനം ഇന്ന് വൈകുന്നേരം 5ന് തിരുവനന്തപുരം വഴുതക്കാട് ട്രിവാൻഡ്രം ക്ലബ്ബിലെ ഇളം ഹാളിൽ സഹകരണ വകുപ്പ് മന്ത്രി വി.എൻ. വാസവൻ നിർവഹിക്കും. കോസ്ടെക്കും തിരുവനന്തപുരത്തെ റോട്ടറി ക്ലബും സംയുക്തമായാണ് പരിപാടി സംഘടിപ്പിക്കുന്നത്.സ്റ്റേറ്റ് കോഓപ്പറേറ്റീവ് യൂണിയൻ ചെയർപേഴ്സൺ എൻ കോലിയക്കോട് കൃഷ്ണൻ നായർ, സഹകരണ സൊസൈറ്റി രജിസ്ട്രാർ ഡോ. ഡി. സജിത്ത് ബാബു, കോസ്ടെക് ചെയർപേർസൺ ഇ. കുഞ്ഞിരാമൻ എന്നിവർ പരിപാടിയിൽ പങ്കെടുക്കും. പരിസ്ഥിതി സൗഹൃദ ഗതാഗതത്തിനായുള്ള പുതിയ സാധ്യതകൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായാണ് കെഇ സൈക്കിൾ വിപണിയിലെത്തിക്കുന്നത്.

# പരിസ്ഥിതി സൗഹൃദ വികസനത്തിന് മുൻഗണന നൽകണം; പാരിസ്ഥിതിക നയരേഖ പ്രഖ്യാപിച്ചു

**തിരുവനന്തപുരം:** ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ മൂന്നുദിവസമായി തിരുവനന്തപുരത്ത് നടന്നുവന്ന ദേശീയ പരിസ്ഥിതി സമ്മേളനത്തിന് പര്യവസാനം. കവടിയാർ ഉദയ് പാലസ് കൺവെൻഷൻ സെന്ററിൽ നടന്ന സമാപന സമ്മേളനം സംസ്ഥാന ആസൂത്രണ ബോർഡ് അംഗം ഡോ. കെ രവിരാമൻ ഉദ്ഘാടനം ചെയ്തു. പ്രകൃതി സംരക്ഷണവും വികസനവും കൈകോർക്കുന്ന നവകേരള മാതൃക രാജ്യത്തിന് തന്നെ വഴികാട്ടിയാണെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു.

സമ്മേളനത്തിന്റെ ഭാഗമായി നടന്ന വിവിധ സാങ്കേതിക സെഷനുകളിലും പാനൽ ചർച്ചകളിലും ഉയർന്നുവന്ന ക്രിയാത്മക നിർദ്ദേശങ്ങൾ ക്രോഡീകരിച്ച് 'പാരിസ്ഥിതിക നയരേഖ' തയ്യാറാക്കി. വരുംകാലങ്ങളിൽ സർക്കാർ നടപ്പിലാക്കുന്ന പരിസ്ഥിതി പുനസ്ഥാപന പ്രവർത്തനങ്ങളിൽ ഈ നിർദ്ദേശങ്ങൾ ഏകോപിപ്പിക്കുമെന്നും പരിസ്ഥിതി സൗഹൃദ വികസനത്തിന് ഇത് മുൻഗണന നൽകുമെന്നും സമ്മേളനം പ്രഖ്യാപിച്ചു. ശുചിത്വം, മാലിന്യസംസ്കരണം, കാലാവസ്ഥാ വ്യതിയാനം, കൃഷി, നെറ്റ് സീറോ കാർബൺ കേരളം തുടങ്ങി രണ്ട് സമാന്തര വേദികളിൽ 18 സെഷനുകളിലായി അവതരിപ്പിക്കപ്പെട്ട 73 പ്രബന്ധങ്ങളിലെ പ്രധാന ആശയങ്ങളാണ് ഈ നയരേഖയ്ക്ക് ആധാരമായത്. സമാപന സമ്മേളനത്തിൽ നവകേരളം കർമ്മ പദ്ധതി സംസ്ഥാന കോഡിനേറ്റർ ഡോ. ടി. എൻ. സീമ അധ്യക്ഷയായി. എൻ.സി.ഇ.എസ്.എസ്. റിട്ട. ശാസ്ത്രജ്ഞൻ ഡോ. ആർ. അജയകുമാർ വർമ്മ തുടർ പ്രവർത്തന സാധ്യതകളെക്കുറിച്ചുള്ള റിപ്പോർട്ട് അവതരിപ്പിച്ചു.

ലിസിപ്രിയ കാങ്ങുജം, രിധിമ പാണ്ഡേ, പ്രസിദ്ധി സിങ്, തുടങ്ങിയ ആഗോള യുവ പരിസ്ഥിതി പ്രവർത്തകരുടെ സാന്നിധ്യം കൊണ്ട് ശ്രദ്ധേയമായ 'യൂത്ത് ഫോർ ടുമോറോസ് എൻവയോൺമെന്റ്' സെഷനും, കണ്ണൂരിലെ കാനാമ്പുഴ അരിയും വിആർ ഷോകളും അണിനിരന്ന പ്രദർശന നഗരിയും സമ്മേളനത്തിന് മാറ്റുകൂട്ടി. കഴിഞ്ഞ പത്തു വർഷത്തെ കേരളത്തിന്റെ പരിസ്ഥിതി പുനസ്ഥാപന പ്രവർത്തനങ്ങളുടെ വിജയഗാഥ വരും തലമുറയ്ക്കായി കരുതിവെക്കണമെന്ന ആഹ്വാനത്തോടെയാണ് സമ്മേളനം അവസാനിച്ചത്.

# ഇന്നത്തെ പരിപാടി

## കൊച്ചി

- **ഇടപ്പള്ളി പോലിസ് സ്റ്റേഷൻ കവല :** ഇടപ്പള്ളി പൊലീസ് സ്റ്റേഷൻ ആക്രമണ സമരത്തിന്റെ 76 ാം വാർഷികത്തോടനുബന്ധിച്ച് അനുസ്മരണ പരിപാടി വൈകിട്ട് 5.30ന്.
- **കാക്കനാട് ദിവാൻസ് ദർബാർ ഹോട്ടൽ :** ഭക്ഷ്യ സുരക്ഷാ വകുപ്പ് നടപ്പിലാക്കുന്ന 'ഭക്ഷ്യ സുരക്ഷ നഗരം' പദ്ധതിയുടെ ഭാഗമായി ഭക്ഷ്യ സംരംഭകർക്കായി പ്രത്യേക രജിസ്ട്രേഷൻ മേള രാവിലെ 10ന്.

## കളമശേരി

- **ന്യൂവാൽസ് അഡ്മിനിസ്ട്രേറ്റിവ് ബ്ലോക്ക് സെമിനാർ ഹാൾ :** നുവാൽസ് ഇന്റർഡിസിപ്ലിനറി സെന്റർ ഫോർ സോഷ്യൽ ജസ്റ്റിസ് നാലാമത് ദാക്ഷായണി വേലായുധൻ സ്മാരക പ്രഭാഷണം രാവിലെ 11:30ന്.

## മൂവാറ്റുപുഴ

- **മൂവാറ്റുപുഴ ബ്ലോക്ക് പഞ്ചായത്ത് ഓഡിറ്റോറിയം :** വൈദ്യുതിയുമായി ഇടപ്പെട്ട് ജോലി ചെയ്യുന്നവർക്കായി ബോധവൽക്കരണ ക്ലാസ് രാവിലെ 9.15 മുതൽ.

## കോലഞ്ചേരി

- **പട്ടിമറ്റം എംഐഎംഎസ് കൺവൻഷൻ സെന്റർ :** ജില്ലാതല പട്ടയമേള ഉദ്ഘാടനം മന്ത്രി പി രാജീവ് രാവിലെ 10.30ന്.

## പെരുമ്പാവൂർ

- **കൂവപ്പടി ഗവ.പോളിടെക്നിക് കോളേജ് :** പുതിയ അക്കാദമിക് ബ്ലോക്കും മിനി ഇൻഡസ്ട്രിയൽ യൂണിറ്റും ഉദ്ഘാടനം രാവിലെ 11.30ന്.

## കോതമംഗലം

- **പിണ്ടിമന സെന്റ് തോമസ് സുവിശേഷാലയം ചാപ്പൽ :** സുവിശേഷ യോഗം രാത്രി 7.15 ന് .
- **കോതമംഗലം കോട്ടപ്പടി വാവേലി കേളംബ്ലായിൽ ദുർഗാ ഭഗവതി ക്ഷേത്രം :** താലപ്പൊലി ഉത്സവം രാവിലെ 6 മുതൽ.

ഷൂട്ട് @ സൈറ്റ്



**അന്തിപ്പൊൻവെട്ടം......** സൂര്യാസ്തമനത്തിന്റെ എറണാകുളം മറൈൻ ഡ്രൈവിൽ നിന്നുള്ള ദൃശ്യം

*ഫോട്ടോ- എ.എസ് സതീഷ്*

# കെ.വി.വി.ഇ.എസ് ജില്ലാ കൗൺസിൽ ഇന്ന്

**കൊച്ചി:** കേരള വ്യാപാരി വ്യവസായി ഏകോപന സമിതി എറണാകുളം ജില്ലാ കൗൺസിൽ യോഗവും ഏകോപന സമിതി അംഗങ്ങളായ ജനപ്രതിനിധികൾക്ക് സ്വീകരണവും ഇന്ന് ഉച്ചകഴിഞ്ഞ് 2.30 ന് എറണാകുളം ടൗൺ ഹാളിൽ ഏകോപന സമിതി സംസ്ഥാന പ്രസിഡന്റ് രാജു അപ്സര ഉദ്ഘാടനം ചെയ്യും. ജില്ലാ പ്രസിഡന്റ് പി. സി ജേക്കബ്ബ് അധ്യക്ഷത വഹിക്കും. തുടർന്ന് ഇഫ്താർ വിരുന്ന്. ഹൈബി ഈഡൻ എം പി, ടി ജെ വിനോദ് എം എൽ എ, കൊച്ചി മേയർ അഡ്വ. വി.കെ. മിനി മോൾ പങ്കെടുക്കും.

# കെൽട്രോൺ മീഡിയ കോഴ്സുകളിലേക്ക് സ്പോട്ട് അഡ്മിഷൻ

**കൊച്ചി:** കേരള സർക്കാരിന്റെ പൊതുമേഖലാ സ്ഥാപനമായ കെൽട്രോൺ നോളജ് സെന്റർ നടത്തുന്ന 2026 അധ്യയന വർഷത്തെ വിവിധ മീഡിയ കോഴ്സുകളിലെ ഒഴിവുള്ള സീറ്റുകളിലേക്ക് സ്പോട്ട് അഡ്മിഷൻ നടത്തും.

മാർച്ച് 5, 6, 7 തീയതികളിൽ കോഴിക്കോട്, തിരുവനന്തപുരം, പാലക്കാട് കെൽട്രോൺ വിദ്യാഭ്യാസ കേന്ദ്രങ്ങളിൽ അസ്സൽ രേഖകളുമായി നേരിട്ടെത്തി വിദ്യാർത്ഥികൾക്ക് പ്രവേശനം നേടാവുന്നതാണ്. ഏതെങ്കിലും വിഷയത്തിൽ ബിരുദം ഉള്ളവർക്കും പ്ലസ്ടു കഴിഞ്ഞവർക്കും അപേക്ഷിക്കാം. പ്രിന്റ് മീഡിയ, ടെലിവിഷൻ ജേർണലിസം, ഡിജിറ്റൽ മീഡിയ, വാർത്താ അവതരണം, ആങ്കറിംഗ്, പബ്ലിക് റിലേഷൻസ്, അഡ്വടൈസിംഗ്, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് അധിഷ്ഠിത കണ്ടന്റ് നിർമ്മാണം, വീഡിയോ നിർമ്മാണം, വീഡിയോ എഡിറ്റിംഗ് തുടങ്ങിയ മേഖലകളിലാണ് പരിശീലനം നൽകുന്നത്. പഠനകാലയളവിൽ അംഗീകൃത മാധ്യമ സ്ഥാപനങ്ങളിൽ പ്രായോഗിക പരിശീലനം, ഇന്റേൺഷിപ്പ് എന്നിവയോടൊപ്പം പ്ലേസ്മെന്റ് സപ്പോർട്ടും ലഭിക്കും. ഫോൺ : 9544958182

## ടെൻഡർ ക്ഷണിച്ചു

കൊച്ചി: വനിതാ ശിശു വികസന വകുപ്പിന് കീഴിലുള്ള കോതമംഗലം (അഡീഷണൽ) ഐ.സി.ഡി.എസ്. പ്രോജക്റ്റിൽ, അങ്കണവാടികൾക്ക് ആവശ്യമായ പ്രീസ്കൂൾ എജ്യുക്കേഷൻ കിറ്റ് സാധനങ്ങൾ വാങ്ങുന്നതിനും വിതരണം ചെയ്യുന്നതിനുമായി ടെൻഡർ ക്ഷണിച്ചു. ടെൻഡർ സ്വീകരിക്കുന്ന അവസാന തീയതി മാർച്ച് അഞ്ച് ഉച്ചയ്ക്ക് രണ്ട് വരെ. 0485-2828161, 9188959728.

# പ്രകൃതി, ജലം, ജീവജാലങ്ങൾ ശ്രദ്ധേയമായി ജൂലിയാൻ ട്യൂബ്കെയുടെ ബിനാലെ റെസിഡൻസി

**കൊച്ചി:** മനുഷ്യനും പരിസ്ഥിതിയും തമ്മിലുള്ള അഭേദ്യമായ ബന്ധത്തെക്കുറിച്ച് കൊച്ചി ബിനാലെ ഫൗണ്ടേഷൻ റെസിഡൻസി ആർട്ടിസ്റ്റ് ജൂലിയാൻ ട്യൂബ്കെ തയ്യാറാക്കിയ ഇൻസ്റ്റലേഷൻ ശ്രദ്ധേയമാകുന്നു. പ്രകൃതിയെ ആരാധിച്ചിരുന്ന മനുഷ്യൻ ഇന്ന് അതിനെ ചൂഷണം ചെയ്യുന്ന കാഴ്ചയാണ് ചുറ്റുമുള്ളതെന്നും വനനശീകരണവും കുന്നിടിക്കലും തണ്ണീർത്തടങ്ങൾ നികത്തുന്നതുമെല്ലാം മട്ടാഞ്ചേരി ബസാർ റോഡിലെ ദേവസി ജോസ് ആൻഡ് സൺസിൽ പ്രദർശിപ്പിച്ചിരിക്കുന്ന 'വെതറിംഗ് വിത്ത് മീ' എന്ന കലാപ്രതിഷ്ഠയിലൂടെ ജൂലിയാൻ വിളിച്ചു പറയുകയാണ്.

പ്രകൃതിയിലുണ്ടാകുന്ന മാറ്റങ്ങൾ മനുഷ്യജീവിതത്തെ എങ്ങനെ ബാധിക്കുന്നുവെന്നതാണ് ബെർലിൻ സ്വദേശിയായ ജൂലിയാൻ തന്റെ സൃഷ്ടികളിലൂടെ പരിശോധിക്കുന്നത്. കൊച്ചിക്ക് സമാനമായ ഒരു തുറമുഖ നഗരത്തിൽ വളർന്ന തനിക്ക് ജലത്തിന്റെയും കാലാവസ്ഥയുടെയും സ്വാധീനം വ്യക്തമായി അറിയാമെന്ന് ബെർലിൻ ആസ്ഥാനമായി പ്രവർത്തിക്കുന്ന ജൂലിയാൻ പറഞ്ഞു. ജലം എന്നത് മനുഷ്യശരീരത്തിലൂടെയും വായുവിലൂടെയും മഴയിലൂടെയും പുഴകളിലൂടെയും സമുദ്രങ്ങളിലൂടെയും അത് നിരന്തരം ചംക്രമണം ചെയ്ത് സകല ജീവജാലങ്ങളെയും പരസ്പരം ബന്ധിപ്പിക്കുന്നുവെന്നും അവർ വിശദീകരിച്ചു. 2019ലെ മൺസൂൺ കാലത്താണ് ജൂലിയാൻ കൊച്ചിയിൽ ഈ കലാസൃഷ്ടിയെക്കുറിച്ചുള്ള അന്വേഷണം ആരംഭിച്ചത്. കൊച്ചിയിലെ കായൽ മേഖലകൾ സന്ദർശിച്ച് വിവിധ ജനവിഭാഗങ്ങളുമായി സംവദിച്ച് 2018ലെ മഹാപ്രളയം ജനജീവിതത്തെ എങ്ങനെയെല്ലാം ബാധിച്ചുവെന്നത് അവർ പഠനവിഷയമാക്കി. 2020ൽ പ്രദർശനം നടത്താൻ ഉദ്ദേശിച്ചിരുന്നെങ്കിലും കോവിഡ് പശ്ചാത്തലത്തിൽ അത് മാറ്റിവച്ചു. പിന്നീട് കൊച്ചിയിലെ ജിത്ത് ജോസഫുമായി ചേർന്നുള്ള നിരന്തരമായ ഇടപെടലുകളിലൂടെ 2025 ഡിസംബറിലാണ് ഈ പ്രദർശനം പൂർണ്ണരൂപത്തിൽ ഒരുക്കിയത്.



ശരീരത്തിലെ നാഡീവ്യൂഹങ്ങളെയും പൈപ്പ് ലൈനുകളെയും ഓർമ്മിപ്പിക്കുന്ന ചെമ്പ് പൈപ്പുകളുടെ ശൃംഖലയാണ് കലാപ്രതിഷ്ഠയുടെ പ്രധാന ഭാഗം. ഇതിലെ പൈപ്പുകളിലൂടെ കായലിന്റെയും പക്ഷികളുടെയും ശബ്ദങ്ങളും പ്രളയത്തെയും കാലാവസ്ഥയെയും കുറിച്ചുള്ള ജനങ്ങളുടെ സംഭാഷണങ്ങളും കേൾക്കാൻ സാധിക്കും. കായലിൽ നിന്നുള്ള പൊക്കാളി മണ്ണും ഇൻസ്റ്റലേഷന്റെ ഭാഗമായി ഉപയോഗിച്ചിട്ടുണ്ട്. ഉപ്പുവെള്ളത്തെ പ്രതിരോധിക്കുന്ന പൊക്കാളി കൃഷിരീതിയും അതിലെ പാരിസ്ഥിതിക പ്രാധാന്യവും കലാകാരി തന്റെ സൃഷ്ടിയിൽ അടയാളപ്പെടുത്തുന്നു. പ്രകൃതി വിഭവങ്ങളുടെ പുനരുജ്ജീവന ശേഷിയെയും മനുഷ്യബന്ധങ്ങളെയും പ്രതീകാത്മകമായി അവതരിപ്പിക്കുന്നതിലൂടെ കൊച്ചിയിലെ ജനങ്ങൾക്ക് ജലവുമായുള്ള വൈകാരിക ബന്ധം പങ്കുവെക്കാനാണ് ജൂലിയാൻ ഇതിലൂടെ ശ്രമിക്കുന്നത്.

# സ്ത്രീകളുടെ സുരക്ഷയ്ക്ക് 'നിർഭയനിശ'; പദ്ധതി മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തു

**തിരുവനന്തപുരം:** നിർഭയനിശ പദ്ധതിയിലൂടെ സ്ത്രീ സുരക്ഷയ്ക്കായി മാതൃകാപരമായ ചുവടുവയ്പ്പാണ് കേരള പോലീസ് നടപ്പിലാക്കുന്നത് എന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. രാത്രിയിൽ യാത്ര ചെയ്യുന്ന സ്ത്രീകളുടെ സുരക്ഷയ്ക്കായി കേരള പോലീസ് പുതുതായി ആവിഷ്കരിക്കുന്ന നിർഭയനിശ പദ്ധതിയുടെ ഉദ്ഘാടനം തിരുവനന്തപുരം പോലീസ് ട്രെയിനിങ് കോളേജിൽ നിർവഹിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം. പൊതുവെ ശാന്തിയും സമാധാനവമുള്ള നാടാണ് കേരളമെങ്കിലും സ്ത്രീ ശാക്തീകരണത്തിന്റെ മേഖലയിൽ നമുക്ക് ഇനിയും ഏറെ ദൂരം സഞ്ചരിക്കേണ്ടതുണ്ട്. നിർഭയനിശ പദ്ധതിയിലൂടെ ഏതു അസമയത്തും തൊഴിലാവശ്യത്തിനും മറ്റുമായി യാത്ര ചെയ്യുന്ന സ്ത്രീകൾക്ക് സുരക്ഷിത ബോധം പ്രധാനം ചെയ്യുകയാണ് പോലീസ് ചെയ്യുന്നത്. ഈ പദ്ധതി സംസ്ഥാന വ്യാപകമായി നടപ്പാക്കുകയും ആവശ്യമായ പരിശീലനം ഉദ്യോഗസ്ഥർക്ക് നൽകുകയും ചെയ്യും എന്ന് മുഖ്യമന്ത്രി പറഞ്ഞു.




രാത്രി 09 മണി മുതൽ പുലർച്ചെ 05 മണി വരെ പൊതുഗതാഗതങ്ങളിലൂടെയുള്ള സഞ്ചാര വേളയിൽ അടിയന്തര പോലീസ് സേവനങ്ങൾ ആവശ്യമുള്ള സ്ത്രീകൾക്ക് അവ ലഭ്യമാകുന്നതിനു എമർജൻസി റെസ്പോൺസ് ആൻഡ് സപ്പോർട്ട് സിസ്റ്റം (ഇ. ആർ. എസ്. എസ്), ജീഹ അ്യു ലെ ടഛട ബട്ടൺ, 112 ഹെൽപ്പ് ലൈൻ, ജില്ലാ കൺട്രോൾ റൂമുകൾ, കൺട്രോൾ റൂം വാഹനങ്ങൾ, ഹൈവേ പട്രോളുകൾ, പിങ്ക് പെട്രോൾ വാഹനങ്ങൾ തുടങ്ങിയവയുടെ ഏകോപിച്ചിട്ടുള്ള പ്രവർത്തനങ്ങൾ ഈ പദ്ധതി വിഭാവനം ചെയ്യുന്നു. നിർഭയ നിശ പദ്ധതിയുടെ ഭാഗമായി സ്ത്രീകൾ അധികമായി യാത്ര ചെയ്തു വരുന്ന തിരക്കുള്ള നഗരപ്രദേശങ്ങളിൽ എ ഐ ക്യാമറ വേധിതവും അപകട വേളകളിൽ സ്ത്രീകൾക്ക് പൊതുസമൂഹത്തിന്റെ ശ്രദ്ധ ആകർഷിക്കുവാനായുള്ള അലാറം പാനിക് ബട്ടൻ എന്നീ സൗകര്യമുള്ളതും തിരക്കുള്ള ഇടങ്ങളിൽ കുറ്റവാളികളെ തിരിച്ചറിയുന്നതിനായി ഫേഷ്യൽ റെക്കഗ്നിഷൻ സംവിധാനം എന്നിവയോടു കൂടിയതുമായ നിർഭയ നിശ സേഫ്റ്റി പോളുകൾ സ്ഥാപിക്കുന്നതിനും ലക്ഷ്യമിടുന്നുണ്ട്.

## നോർക്ക റൂട്ട്സ് എറണാകുളം സെന്ററിൽ 26 നും 27 നും അറ്റസ്റ്റേഷൻ ഇല്ല

**കൊച്ചി:** സാങ്കേതിക കാരണങ്ങളാൽ 2026 ഫെബ്രുവരി 26, 27 തീയതികളിൽ നോർക്ക റൂട്ട്സിന്റെ എറണാകുളം സർട്ടിഫിക്കറ്റ് ഒതന്റിക്കേഷൻ സെന്ററിൽ അറ്റസ്റ്റേഷൻ സേവനം ഉണ്ടായിരിക്കുന്നതല്ലെന്ന് സെന്റർ മാനേജർ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്കായി 24 മണിക്കൂറും പ്രവർത്തിക്കുന്ന നോർക്ക ഗ്ലോബൽ കോൺടാക്ട് സെന്ററിന്റെ ടോൾ ഫ്രീ നമ്പറുകളായ 1800 425 3939 (ഇന്ത്യയിൽ നിന്നും) +918802 012 345 (വിദേശത്തുനിന്നും, മിസ്സ്ഡ് കോൾ സർവ്വീസ്) ലോ ബന്ധപ്പെടാവുന്നതാണ്.

## ടെൻഡർ നടപടികളുടെ വിവരങ്ങൾ അറിയാം

**കൊച്ചി:** കോതമംഗലം ബ്ലോക്ക് പഞ്ചായത്ത് 2025-26 വാർഷിക പദ്ധതിയിലെ അസിസ്റ്റന്റ് എഞ്ചിനിയർ നിർവഹണ ഉദ്യോഗസ്ഥനായ വിവിധ പൊതുമരാമത്ത് പ്രവൃത്തികളുടെ ഇ ടെൻഡർ നടപടികളുടെ വിശദവിവരങ്ങൾ www.lsg.kerala.gov.in. www.etenders.kerala.gov.in എന്നീ വെബ് സൈറ്റുകളിലും, പ്രവൃത്തി ദിവസങ്ങളിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ കാര്യാലയത്തിൽ നിന്നും അറിയാവുന്നതാണ്.

# ഫിസാറ്റിലെ അന്തർദേശിയ ലാബുകൾ നാളെ നാടിനു സമർപ്പിക്കും

**കൊച്ചി:** അങ്കമാലി ഫിസാറ്റ് എൻജിനിയറിങ് കോളേജിൽ ആരംഭിച്ചിരിക്കുന്ന ആറു അന്തർദേശിയ ലാബുകൾ നാളെ നാടിനു സമർപ്പിക്കും. രാവിലെ 8.30 നു ഫിസാറ്റ് ഗ്രീൻഫീൽഡിൽ നടക്കുന്ന സമ്മേളനം കേന്ദ്രസഹ മന്ത്രി സുരേഷ് ഗോപി ഉദ്ഘാടനം ചെയ്യും. റോജി എം ജോൺ എം.എൽ.എ ചടങ്ങിൽ അധ്യക്ഷത വഹിക്കും. കേന്ദ്ര സർക്കാരിന്റെ തൊഴിൽ നൈപുണ്യ സംഭരംഭകത്വ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന നാഷണൽ സ്കിൽ ഡെവലപ്മെന്റ് കോർപ്പറേഷന്റെ സഹകരണത്തോടെ ബാംഗ്ലൂർ എത്തനോ ടേക് അക്കാദമിയും ഫിസാറ്റ് എൻജിനിയറിങ് കോളേജും സഹകരിച്ചാണ് പദ്ധതി നടപ്പാക്കുന്നത്. മൈക്രോസോഫ്ട്, ആപ്പിൾ, ഓട്ടോഡെസ്ക്, വി എൽ എസ് ഐ, എആർ വിആർ, സ്നൈഡർ തുടങ്ങിയ അന്തർദേശിയ കമ്പനികളുടെ രാജ്യാന്തര നിലവാരത്തിലുള്ള ലാബുകളാണ് ഫിസാറ്റിൽ ഒരുക്കിയിരിക്കുന്നത്. ഏഴുകോടി രൂപ ചിലവിൽ നിർമിച്ചിരിക്കുന്ന ലാബുകളിൽ നൂതന സാങ്കേതിക വിദ്യകൾ വിദ്യാർത്ഥികൾക്ക് പകർന്നു നൽകുന്നതിനുള്ള സജീകരണങ്ങൾ ഒരുക്കിയിട്ടുണ്ട്. ആദ്യ ഘട്ടത്തിൽ ഫിസാറ്റിലെ വിദ്യാർത്ഥികൾക്ക് ഓരോ സെമെസ്റ്ററിലും ഓരോ ഇന്റർനാഷണൽ സർട്ടിഫിക്കറ്റുകൾ വീതം ലഭിക്കും. ബി ടെക് പൂർത്തിയാകുമ്പോൾ ഏഴു അന്തർദേശിയ സർട്ടിഫിക്കറ്റുകൾ വിദ്യാർത്ഥികൾക്ക് ലഭിക്കും ഇതു വഴി രാജ്യാന്തര കമ്പനികളിൽ വിദ്യാർത്ഥികൾക്ക് തൊഴിൽ അവസരങ്ങൾ ലഭിക്കുന്നതിന് വഴിയൊരുക്കും. ഫിസാറ്റിലെ വിദ്യാർത്ഥികൾക്ക് പുറമെ മറ്റു കോളേജുകളിലെയും സ്കൂളുകളിലെയും വിദ്യാർത്ഥികൾക്കും നൂതന സാങ്കേതിക വിദ്യകൾ പഠിക്കാനാഗ്രഹിക്കുന്ന പൊതു വിഭാഗത്തിൽ പെട്ട ജനങ്ങൾക്കും ഇന്റർനാഷണൽ സെർട്ടിഫിക്കറ്റുകൾ ലഭിക്കുന്നതിനുള്ള അവസരം ഉണ്ട്. ഇതിനോടകം തന്നെ ഏതാണ്ട് 3500 കുട്ടികൾക്കുള്ള ഇന്റർനാഷണൽ സർട്ടിഫിക്കേഷൻസ് പ്രോഗ്രാമുകൾ പൂർത്തിയായി കഴിഞ്ഞു.

ഫിസാറ്റ് ചെയർമാൻ പി.ആർ ഷിമിത്ത്, എത്തനോ ടേക് മാനേജിങ് ഡയറക്ടർ ഡോ. കിരൺ രാജെന്ന, ട്രഷർ ജെനിബ് ജെ. കാച്ചപ്പിള്ളി, മാനേജ്മെന്റ് കമ്മിറ്റി അംഗം എം. പി അബ്ദുൽ നാസർ, പ്രിൻസിപ്പൽ ഡോ ജേക്കബ് തോമസ്, പബ്ലിക് റിലേഷൻസ് മാനേജർ ഷിന്റോ സെബാസ്റ്റ്യൻ തുടങ്ങിവർ വാർത്താ സമ്മേളനത്തിൽ പങ്കെടുത്തു.

## ജെ.ബി കോശി കമ്മീഷൻ റിപ്പോർട്ട് നടപ്പാക്കരുത്: വി.എച്ച്.പി

**കൊച്ചി:** പിണറായി വിജയൻ മന്ത്രി സഭയുടെ കാലാവധി അവസാനിക്കുന്നതിന് തൊട്ടുമുമ്പ് തിരഞ്ഞെടുപ്പ് മുന്നിൽക്കണ്ട് സംസ്ഥാന സർക്കാർ തത്വത്തിൽ അംഗീകരിച്ച ജസ്റ്റിസ് ജെ.ബി കോശി കമ്മീഷൻ റിപ്പോർട്ട് നടപ്പാക്കരുതെന്ന് വിശ്വ ഹിന്ദു പരിഷത്ത് സംസ്ഥാന ജനറൽ സെക്രട്ടറി അഡ്വ. അനിൽ വിളയിൽ വാർത്താക്കുറിപ്പിൽ ആവശ്യപ്പെട്ടു. മതപരിവർത്തനത്തിനും റവന്യൂ വകുപ്പിന്റെ അധികാരവും അവകാശവും കത്തോലിക്കാ ബിഷപ്പുമാർക്ക് നൽകുന്നതിനുമുള്ള സാഹചര്യവുമാണ് ഇതുമൂലം ഉണ്ടാകാൻ പോകുന്നത്. ഇത് തെറ്റിദ്ധാരണ പരത്തി മതപരിവർത്തന ശ്രമങ്ങൾ വ്യാപകമാക്കാനുള്ള സാഹചര്യം സൃഷ്ടിക്കുമെന്ന് മാത്രമല്ല ദൂര വ്യാപക പ്രത്യാഘാതങ്ങൾക്ക് കാരണമാകുമെന്നും അഡ്വ. അനിൽ വിളയിൽ വ്യക്തമാക്കി. മദ്രസാ അധ്യാപകർക്കുള്ള ക്ഷേമനിധിയുടെ മാതൃകയിൽ സൺഡേസ്കൂൾ അധ്യാപകർക്കും ക്ഷേമ നിധി ഏർപ്പെടുത്താൻ കമ്മീഷൻ റിപ്പോർട്ടിൽ ശിപാർശയുണ്ട്. എന്നാൽ ഹൈന്ദവ മതപാഠശാലകൾക്ക് ഗ്രാന്റ് അനുവദിക്കണമെന്ന് ഹൈക്കോടതി ഉത്തരവിട്ടിട്ടും നാളിതുവരെ നടപ്പിലാക്കാൻ സർക്കാർ തയ്യാറായിട്ടില്ല. തിരഞ്ഞെടുപ്പ് മുന്നിൽക്കണ്ട് ക്രൈസ്തവ വോട്ട് ലക്ഷ്യമിട്ടാണ് ജെ.ബി കമ്മീഷൻ റിപ്പോർട്ടിന് സർക്കാർ തിരക്കിട്ട് അംഗീകാരം നൽകിയിരിക്കുന്നത്. കേന്ദ്രസർക്കാർ നിയമിച്ചിരിക്കുന്ന ജസ്റ്റിസ് കെ.ജി ബാലകൃഷ്ണൻ കമ്മീഷൻ റിപ്പോർട്ട് വന്നതിന് ശേഷം മാത്രമെ ഇത്തരം വിഷയങ്ങളിൽ സർക്കാർ തീരുമാനം എടുക്കാവുവെന്നും അഡ്വ. അനിൽ വിളയിൽ ആവശ്യപ്പെട്ടു.

## സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ: നവീകരിച്ച എറണാകുളം മേഖലാ ഓഫീസ് ഉദ്ഘാടനം ഇന്ന്

**കൊച്ചി:** കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷന്റെ നവീകരിച്ച എറണാകുളം മേഖല ഓഫീസിന്റെ ഉദ്ഘാടനം ഇന്ന് രാവിലെ 10 ന് നടക്കും. പത്തിപ്പാലം പി. ഡബ്ല്യു. ഡി റെസ്റ്റ് ഹൗസ് അങ്കണത്തിൽ നടക്കുന്ന ചടങ്ങ് മുൻ എം.എൽ.എ. യും കേരള സ്റ്റേറ്റ് മൈനോറിറ്റി ഡെവലപ്മെന്റ് കോർപ്പറേഷൻ (കെ.എസ്.എം.ഡി.എഫ്.സി) ചെയർമാനുമായ ഡോ.സ്റ്റീഫൻ ജോർജ്ജ് ഉദ്ഘാടനം ചെയ്യും.

ഉദ്ഘാടനത്തോടനുബന്ധിച്ച് കുടിശ്ശിക വരുത്തിയ വായ്പക്കാർക്കായി പ്രത്യേക ഇളവുകളോടെ സർക്കാർ അനുവദിച്ച ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയും നടത്തുന്നതായിരിക്കും. കാലാവധി കഴിഞ്ഞ കുടിശ്ശികയുള്ള വായ്പമേലുള്ള പിഴ പലിശ മുഴുവനായും എഴുതി തള്ളി 2 ശതമാനം മുതൽ 4 ശതമാനം വരെ ക്രമപലിശ നിരക്കിൽ വായ്പ കുടിശ്ശിക തീർപ്പാക്കുന്നതിനുള്ള അവസരവുമൊരുക്കും.

# മലയാറ്റൂർ തീർത്ഥാടനം: ഭക്തജനങ്ങൾക്ക് വിപുലമായ സൗകര്യങ്ങൾ ഒരുക്കും

**കൊച്ചി:** വിശുദ്ധവാരത്തോടനുബന്ധിച്ച് മലയാറ്റൂർ അന്താരാഷ്ട്ര തീർത്ഥാടന കേന്ദ്രത്തിലെ ഒരുക്കങ്ങൾ വിലയിരുത്താൻ റോജി എം. ജോൺ എം.എൽ.എയുടെയും ജില്ലാ കളക്ടർ ജി. പ്രിയങ്കയുടെയും നേതൃത്വത്തിൽ അവലോകന യോഗം ചേർന്നു. മാർച്ച് 28 മുതൽ ഏപ്രിൽ 19 വരെ നീണ്ടു നിൽക്കുന്ന തീർത്ഥാടന കാലയളവിൽ ഭക്തജനങ്ങൾക്ക് ആവശ്യമായ എല്ലാ സൗകര്യങ്ങളും ഉറപ്പുവരുത്തണമെന്ന് എം.എൽ.എ പറഞ്ഞു.



റോഡുകളുടെ അറ്റകുറ്റപ്പണികൾ ദ്രുതഗതിയിൽ പൂർത്തിയാക്കണമെന്നും കാൽനട യാത്രക്കാരുടെ സുരക്ഷ കണക്കിലെടുത്ത് കാനകളിൽ സ്ലാബുകൾ ഇടുന്ന പ്രവർത്തനങ്ങൾ ഉടൻ തീർക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. ക്രമസമാധാന പാലനത്തിനായി കൂടുതൽ പോലീസിനെ വിന്യസിക്കും. ഗതാഗത നിയന്ത്രണം, സി.സി.ടി.വി നിരീക്ഷണം, പാർക്കിംഗ് സൗകര്യങ്ങൾ എന്നിവ പോലീസിന്റെ നേതൃത്വത്തിൽ സജ്ജീകരിക്കും. പുഴയോരത്തും തടാകത്തിന് സമീപവും സുരക്ഷാ മുന്നൊരുക്കങ്ങൾ ഉണ്ടാകും. തീർത്ഥാടകരുടെ യാത്രാക്ലേശം പരിഹരിക്കാൻ കെ.എസ്.ആർ.ടി.സി പ്രത്യേക സർവീസുകൾ നടത്തും, സ്വകാര്യ ബസുകൾക്ക് സ്പെഷ്യൽ പെർമിറ്റും നൽകും. കുടിവെള്ള ലഭ്യത ഉറപ്പാക്കാൻ വാട്ടർ അതോറിറ്റി കൂടുതൽ പബ്ലിക് ടാപ്പുകൾ സ്ഥാപിക്കാനും നിലവിലുള്ളവ പുനരുദ്ധരിക്കാനും യോഗത്തിൽ തീരുമാനമായി. മലയാറ്റൂർ അടിവാരത്തും കുരിശുമുടിയിലും ഡോക്ടർമാരുടെ സേവനവും ആംബുലൻസുകളും ഉറപ്പാക്കും. ഭക്ഷണശാലകളിൽ പരിശോധന നടത്താൻ പ്രത്യേക സ്ക്വാഡുകളെ നിയോഗിക്കും. വിലവിവരപ്പട്ടിക പ്രദർശിപ്പിക്കുന്നത് നിർബന്ധമാക്കും. വനം വകുപ്പിന്റെ നേതൃത്വത്തിൽ വനസംരക്ഷണ ബോർഡുകൾ സ്ഥാപിക്കും. ലഹരി വിൽപന തടയാൻ എക്സൈസ് പരിശോധന കർശനമാക്കും മാലിന്യ നിർമ്മാർജ്ജനത്തിനായി പ്രത്യേക വേസ്റ്റ് ബിന്നുകൾ സ്ഥാപിക്കാനും പൂർണ്ണമായും ഹരിതചട്ടം പാലിച്ചുമാത്രം പരിപാടികൾ സംഘടിപ്പിക്കാനും യോഗത്തിൽ തീരുമാനമായി. ആലുവ പി.ഡബ്ല്യൂ.ഡി റസ്റ്റ് ഹൗസിൽ ചേർന്ന യോഗത്തിൽ മലയാറ്റൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സലോമി ടോമി, അങ്കമാലി ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് ടി.എം. വർഗ്ഗീസ്, മലയാറ്റൂർ പള്ളി വികാരി ഫാ. ജോസ് ഒഴലക്കാട്ട്, ജനപ്രതിനിധികൾ, വിവിധ വകുപ്പ് ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

# സുഗന്ധവ്യഞ്ജന കയറ്റുമതിയുടെ ഭാവിക്ക് നിയന്ത്രണ വ്യക്തത അനിവാര്യം: ഐ.എസ്.സി




**കൊച്ചി:** ആഗോള സുഗന്ധ
വ്യഞ്ജന വ്യാപാരത്തിന്റെ
ദിശ നിർണയിക്കുന്നത് നിയ
മപരമായ വ്യക്തതയും ശാ
സ്ത്രീയ അടിസ്ഥാനത്തിലു
ള്ള മാനദണ്ഡങ്ങളുമാകുമെ
ന്ന് അന്താരാഷ്ട്ര സുഗന്ധ
വ്യഞ്ജന സമ്മേളനത്തിൽ
(ഐ.എസ്.സി 2026) വിദഗ്
ധർ അഭിപ്രായപ്പെട്ടു. പ്രതി
സന്ധി നേരിടുന്ന രീതിയിൽ
നിന്ന് മുൻകരുതൽ നിയമാ
നുസൃത സംവിധാനങ്ങളി
ലേക്കാണ് കയറ്റുമതി മേഖ
ല മാറേണ്ടതെന്ന് എ.ഐ.എ
സ്.ഇ.എഫ് ടെക്നിക്കൽ ക
മ്മിറ്റി ചെയർമാനും വേൾഡ്
സ്പൈസ് ഓർഗനൈസേ
ഷൻ ചെയർമാനുമായ രാംകുമാർ മേനോൻ പറഞ്ഞു.
സ്ഥിരതയുള്ള, പ്രവചിക്കാവുന്ന നിയമാന്തരീക്ഷമാണ്
ദീർഘകാല വളർച്ചയ്ക്ക് അടിസ്ഥാനം. ഇവ ഇല്ലാതെ ക
യറ്റുമതിക്കാർക്ക് ആത്മവിശ്വാസത്തോടെ നിക്ഷേപിക്കാ
നാവില്ല. അവശിഷ്ടപരിധികളും പരിശോധനാ വ്യത്യാസ
ങ്ങളും ഉൽപാദക രാജ്യങ്ങൾക്ക് അനിശ്ചിതത്വം സൃഷ്ടി
ക്കുന്നുവെന്നും രാംകുമാർ മേനോൻ പറഞ്ഞു. ഇന്ത്യയു
ടെ കയറ്റുമതി 4.72 ബില്യൺ ഡോളറാണ്. യൂറോപ്പ് പ്ര
ധാന വിപണിയായി തുടരുന്നു.

അമേരിക്കൻ സ്പൈസ് ട്രേഡ് അസോസിയേഷൻ
പ്രതിനിധി ലോറ ഷുമോ, ഉപഭോക്തൃ സുരക്ഷാ ആ
ശങ്കകൾ നിയമനിർമാണത്തെ സ്വാധീനിക്കുന്നു
ണ്ടെന്ന് വ്യക്തമാക്കി. എത്തിലീൻ ഓക്സൈഡ്, കീ
ടനാശിനി അവശിഷ്ടങ്ങൾ തുടങ്ങിയ വിഷയങ്ങ
ളിൽ കർശന പരിശോധന തുടരുന്നുണ്ട്. യൂറോപ്യൻ
സ്പൈസ് അസോസിയേഷൻ ടെക്നിക്കൽ കമ്മീഷൻ
ചെയർമാൻ സ്റ്റെഫാനോ ട്രംപി, ശാസ്ത്രീയ വ്യാഖ്യാന
വും ഏകീകൃത നടപ്പാക്കലും അനിവാര്യമാണെന്ന് പറ
ഞ്ഞു. വിയറ്റ്നാം സ്പൈസ് അസോസിയേഷൻ ചെയർ
പേഴ്സൺ ഹോങ് തി ലിയൻ, കയറ്റുമതി / ഉറവിട രാജ്യ
ങ്ങളിലെ നിയന്ത്രണ സംവിധാനം ശക്തിപ്പെടുത്തണമെ
ന്ന് ആവശ്യപ്പെട്ടു. കയറ്റുമതി മത്സരക്ഷമതയ്ക്ക് ലാബ്
മികവ് നിർണായകമായിരിക്കേണ്ട അന്താരാഷ്ട്ര സുഗന്ധ
വ്യഞ്ജന സമ്മേളനത്തിൽ ലാബുകളും പരിശോധനാ
കൃത്യതയും ചർച്ചാകേന്ദ്രമായി. കയറ്റുമതി മത്സരക്ഷ
മതയുടെ നെടുംതൂണാണ് പരിശോധനാ സംവിധാന
ങ്ങൾ. കയറ്റുമതി അംഗീകാരം പരിശോധനാ റിപ്പോർട്ടു
കളിൽ ആശ്രയിക്കുന്നതിനാൽ ചെറിയ വ്യത്യാസങ്ങൾ
പോലും വ്യാപാരത്തെ ബാധിക്കും. എ.ഐ.എസ്.ഇ.എ
ഫ് 'മികച്ച ലബോറട്ടറി' പദ്ധതിയെക്കുറിച്ച് ക്വാളിറ്റി എ
വാലുവേഷൻ പ്രോഗ്രാം ഫോർ സ്പൈസ് ടെസ്റ്റിംഗ് ല
ബോറട്ടറീസ് കൺവീനർ, ഡോ. കെ.ജെ. വേണുഗോപ
ാൽ വിശദീകരിച്ചു.

# 15 വർഷം പൂർത്തിയാക്കി കൊട്ടക് ഫ്ളെക്സിക്യാപ്

**കൊച്ചി:** കൊട്ടക് അസറ്റ് മാ
നേജ്മെന്റ് കമ്പനിയുടെ (കെ
എംഎഎംസി) കൊട്ടക് ഫ്ളെ
ക്സിക്യാപ് ഫണ്ട് 15 വർഷം
പൂർത്തിയാക്കി. വ്യത്യസ്ത
വിപണി സാഹചര്യങ്ങളിലും തുടക്കം
മുതൽ തന്നെ ഫണ്ട് 16.59%
സഞ്ചിത വാർഷിക ശരാശരി വളർച്ചാ
നിരക്ക് (സിഎജിആർ) കൈവരിച്ചിട്ടു
ണ്ടെന്ന് കെഎംഎഎംസി മാനേജിം
ഗ് ഡയറക്ടർ നിലേഷ് ഷാ പറഞ്ഞു.
വിപണി മൂലധനവൽക്കരണ അലൊ
ക്കേഷൻ തീരുമാനങ്ങൾ വിദഗ്ധ ടീ
മിന് വിട്ടുകൊടുത്തുകൊണ്ട് വ്യത്യ
സ്ത വ്യവസാ
യ മേഖലകളി
ലുള്ള ഇന്ത്യയു
ടെ വളർച്ചയിൽ
പങ്കെടുക്കാൻ
നിക്ഷേപകരെ അനുവദിക്കുന്നതിലൂ
ടെയാണ് ഫ്ളെക്സിക്യാപ് അതിന്റെ
പ്രധാന്യം നിലനിർത്തുന്നത്. 2025
ഡിസംബർ 31ലെ കണക്കുകളനുസ
രിച്ച് കൊട്ടക് ഫ്ളെക്സിക്യാപ് ഡയ
റക്ട് പ്ലാൻ ഗ്രോത്ത് ഓപ്ഷൻ കഴി
ഞ്ഞ 10 വർഷത്തിനിടെ 15.7%വും 5
വർഷത്തിനിടെ 16.87% സിഎജിആ
റും കൈവരിച്ചു. കെഎംഎഎംസി
സിഐഒ സിഐഒ ഹർഷ ഉപാധ്യാ
യയാണ് ഫണ്ട് മാനേജ് ചെയ്യുന്ന
ത്. 2025 ഡിസംബർ 31ലെ കണക്ക
നുസരിച്ച് കൊട്ടക് ഫ്ളെക്സിക്യാപ്
നിക്ഷേപിച്ചിരിക്കുന്നത് 73% ലാർജ്
ക്യാപ്സിലും 19% മിഡ് ക്യാപ്സിലും
5% സ്മോൾ ക്യാപ്സിലുമാണെന്ന്
ഹർഷ ഉപാധ്യായ പറഞ്ഞു. ഫിനാൻ
ഷ്യൽ സർവീസസ്, ഓട്ടോമൊബീൽ,
ഓട്ടോ കംപോണന്റ്സ്, ക്യാപിറ്റൽ
ഗുഡ്സ്, കെമിക്കൽസ്, കൺസ്
ട്രക്ഷൻ മെറ്റീരിയൽസ്, കൺസ്യൂമർ
സർവീസസ് മേഖലകളിലെ കമ്പനി
കളിലാണ് പ്രധാന നിക്ഷേപം.

# എ.ഐ അധിഷ്ഠിത ലേസർ ശസ്ത്രക്രിയ സൗകര്യമൊരുക്കി വി.പി.എസ് ലേക്ഷോർ



**കൊച്ചി:** പൈൽസ്, ഫിസ്റ്റുല, വെരിക്കോസ് രോഗ
ങ്ങൾക്ക് എ.ഐ സാങ്കേതിക വിദ്യയും ലേസർ ചി
കിത്സയും സമന്വയിപ്പിച്ച് അത്യാധുനിക ശസ്ത്ര
ക്രിയ സംവിധാനമൊരുക്കി കൊച്ചി വി.പി.എസ് ലേ
ക്ഷോർ ആശുപത്രി. മിനിമലി ഇൻവേസീവ് സർജ
റി വിഭാഗത്തിന്റെ നേതൃത്വത്തിൽ ആരംഭിച്ച ഈ
വിദഗ്ധ ചികിത്സക്ക് ഫലപ്രദവും താരതമ്യേന വേ
ദനാരഹിതവുമായ ബയോലുമിനെസ് ലേസർ സാ
ങ്കേതികവിദ്യയാണ് ഉപയോഗിക്കുന്നത്. ഒരേയൊ
രു ദിവസത്തെ ചികിത്സ മാത്രമാണ് ഇതിന് ആവ
ശ്യമായി വരികയുള്ളുവെന്നത് പ്രത്യേകതയാണെ
ന്ന് വി.പി.എസ് ലേക്ഷോർ ആശുപത്രിയിലെ മിനിമലി
ഇൻവേസീവ് ശസ്ത്രക്രിയ വിഭാഗം മേധാവിയും കൺ
സൾട്ടന്റുമായ ഡോ. ആർ. പദ്മകുമാർ പറഞ്ഞു. എ.ഐ
സാങ്കേതിക വിദ്യയും അത്യാധുനിക ലേസർ ടെക്നോ
ളജിയും സമന്വയിപ്പിക്കുന്നതിലൂടെ ശസ്ത്രക്രിയകളിൽ
ഉയർന്ന കൃത്യത ഉറപ്പാക്കുവാനും രോഗിക്ക് കൂടുതൽ
ആശ്വാസം പകർന്ന് വേഗത്തിൽ സുഖപ്രാപ്തി ലഭ്യമാ
ക്കുവാനും സാധിക്കും പരമ്പരാഗത രീതിയിലുള്ള ശസ്
ത്രക്രിയ സംവിധാനങ്ങൾക്കപ്പുറം കൃത്യമായ വിലയിരു
ത്തൽ, തത്സമയ ചികിത്സ വിവരങ്ങൾ ലഭ്യമാക്കൽ, സ്ഥി
രതയാർന്ന ശസ്ത്രക്രിയഫലം നിർണയം എന്നിവ സാ
ധ്യമാകും. കൂടാതെ കുറഞ്ഞ തോതിലു ടിഷ്യു ക്ഷതം
മാത്രമാണ് ഉണ്ടാകുന്നുള്ളു എന്നതും രോഗിക്ക് വേഗ
ത്തിൽ പഴയ ജീവിതചര്യകളിലേക്ക് മടങ്ങുവാനാകുന്നു
വെന്നതും പ്രത്യേകതകളാണെന്ന് അദ്ദേഹം കൂട്ടിച്ചേർ
ത്തു. എ.ഐ അധിഷ്ഠിത ലേസർ ശസ്ത്രക്രിയകൾക്ക്
കൂടുതൽ കൃത്യതയും ഫലപ്രാപ്തിയും ഉറപ്പ് നൽകാന
ാകുന്നുവെന്നതും ശ്രദ്ധേയമാണ്. വളരെ ചെറിയ മുറിവു
കൾ മാത്രം അവശേഷിപ്പിക്കുന്ന ശസ്ത്രക്രിയക്ക് ശേഷം,
രോഗിക്ക് തുടരെ തുടരെ ഡോക്ടറെ കാണേണ്ട സാഹച
ര്യമോ ദീർഘകാലം മരുന്ന് കഴിക്കേണ്ട ആവശ്യമോ ഉ
ണ്ടായിരിക്കില്ല. ലേസർ ചികിത്സയിൽ പാർശ്വഫലങ്ങൾ
വളരെ കുറവായിരിക്കും. രോഗം വീണ്ടും വരാനുള്ള സാ
ധ്യത തടഞ്ഞ് പൂർണമായ രോഗമുക്തി ലഭ്യമാക്കാനുമാ
കും. പൈൽസ്, ഫിസ്റ്റുല, ഫിഷർ, പൈലോനിഡൽ സ
യിനസ്സ്, വെരിക്കോസ് രോഗങ്ങൾക്കുള്ള ചികിത്സയിൽ
വിപ്ലവകരമായ മാറ്റമാണ് ഉണ്ടാകുകയെന്ന് മാനേജിങ്
ഡയറക്ടർ എസ്.കെ. അബ്ദുള്ള പറഞ്ഞു.

വി.പി.എസ് ലേക്ഷോർ സി.ഇ.ഒ ജയേഷ് വി.നായർ, മെ
ഡിക്കൽ സൂപ്രണ്ട് ഡോ. സുർത റാം വിഷ്ണോയ്, ഡോ.
ഡി. മധുകർ പൈ, കോർപറേറ്റ് കമ്യൂണിക്കേഷൻ മാനേ
ജർ ടി. അനിൽകുമാർ എന്നിവരും വാർത്താസമ്മേളന
ത്തിൽ പങ്കെടുത്തു.

**പ്രവാസികൾക്ക് ഒരു കോടി രൂപ വരെ സൗജന്യ അപകട ഇൻഷുറൻസ്**

# ഫെഡറൽ ബാങ്കിന്റെ റെമിറ്റ് ആൻഡ് റീടെയ്ൻ കാംപെയ്ൻ

**കൊച്ചി:** പ്രവാസികൾക്കായി ഒരു കോടി രൂപയുടെ സൗജന്യ അ
പകട ഇൻഷുറൻസ് വാഗ്ദാനം ചെയ്യുന്ന 'റെമിറ്റ് ആൻഡ് റീടെ
യ്ൻ ക്യാമ്പയിനുമായി ഫെഡറൽ ബാങ്ക് . എൻആർഇ, എൻആർ
ഒ സേവിംഗ്സ് അല്ലെങ്കിൽ കറന്റ് അക്കൗണ്ടിൽ ഒറ്റത്തവണയായി
കുറഞ്ഞത് 2 ലക്ഷം രൂപ അയച്ച് 60 ദിവസത്തേക്ക് അക്കൗണ്ടിൽ
നിലനിറുത്തുമ്പോൾ ഒരു വർഷത്തേക്കുള്ള സൗജന്യ ആഗോളത
ല ഇൻഷുറൻസ് പരിരക്ഷ ലഭിക്കുന്നു. അപകടമരണത്തിന് 25 ല
ക്ഷം വരെയും, അപകടത്തെ തുടർന്നുണ്ടാകുന്ന സ്ഥിരമായ വൈക
ല്യത്തിന് 25 ലക്ഷം വരെയും, വിമാനയാത്രയ്ക്കിടെ സംഭവിക്കുന്ന
അപകടമരണത്തിന് 1 കോടിവരെയുമാണ് പരിരക്ഷയെന്ന് ബാങ്ക്
അധികൃതർ വ്യക്തമാക്കി. എൻആർഐ ബിസിനസിൽ പ്രവാസി
കൾക്ക് എളുപ്പവും സുരക്ഷിതവുമായ രീതിയിൽ നാട്ടിലേക്ക് പണം
അയയ്ക്കാൻ 90ലധികം റിമിറ്റൻസ് സേവനദാതാക്കളുമായും 20 വി
ദേശ കറസ്പോണ്ടന്റ് ബാങ്കുകളുമായും ഫെഡറൽ ബാങ്ക്, സഹക
രിച്ച് പ്രവർത്തിക്കുന്നു. ലോകമെമ്പാടുമുള്ള ബാങ്കിന്റെ 15 ലക്ഷം
പ്രവാസി ഇടപാടുകാർക്കു വേണ്ടിയാണ് ക്യാമ്പയിന് തുടക്കം കു
റിച്ചിരിക്കുന്നതെന്നും ബാങ്ക് അധികൃതർ വ്യക്തമാക്കി.

# എൻഎസ്ഇ–ഐഐഎംകെ വാർഷിക സമ്മേളനം

**മുംബൈ/കൊച്ചി:** നാഷ
ണൽ സ്റ്റോക്ക് എക്സ്ചേ
ഞ്ചും (എൻഎസ്ഇ) ഇ
ന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ്
മാനേജ്മെന്റ് കോഴിക്കോ
ടും (ഐഐഎംകെ) സം
യുക്തമായി മാക്രോ ഇക്ക
ണോമിക്സ്, ബാങ്കിങ്, ഫിനാൻസ് എന്നീ വിഷയങ്ങളെ ആസ്പദ
മാക്കി മൂന്നാമത് വാർഷിക സമ്മേളനം സംഘടിപ്പിച്ചു. മുംബൈ
ബി.കെ.സിയിലെ എൻഎസ്ഇ കോർപ്പറേറ്റ് ആസ്ഥാനത്ത് നടന്ന
ചടങ്ങ് സെബി അംഗം അമർജീത് സിംഗ്, എൻഎസ്ഇ എംഡി
യും സിഇഒയുമായ ആശിഷ് കുമാർ ചൗഹാൻ, ഐഐഎം കോ
ഴിക്കോട് ഡയറക്ടർ പ്രൊഫ. ദേബാശിഷ് ചാറ്റർജി എന്നിവർ ചേർ
ന്ന് ഉദ്ഘാടനം ചെയ്തു.

'വിവരസാങ്കേതിക യുഗത്തിലെ വിവരങ്ങളുടെ അസമത്വം വിപ
ണിയും സമ്പദ്വ്യവസ്ഥയും ജനങ്ങളും' എന്നതായിരുന്നു കോൺ
ഫറൻസിന്റെ പ്രമേയം. വിപണിയും സാമ്പത്തിക രംഗവും നേരി
ടുന്ന വെല്ലുവിളികളെക്കുറിച്ച് സമ്മേളനത്തിൽ വിശദമായ ചർച്ച
കൾ നടന്നു. നയരൂപകർത്താക്കൾ, നിയന്ത്രണ ഏജൻസികൾ, ബാ
ങ്കിങ് പ്രമുഖർ, വിപണി വിദഗ്ധർ എന്നിവർ സംവാദങ്ങളിൽ പങ്കെ
ടുത്തു. സാമ്പത്തിക വിവരങ്ങൾ സുതാര്യവും സുരക്ഷിതവുമായി
എല്ലാവർക്കും ഒരുപോലെ ലഭ്യമാകണമെന്ന് ആശിഷ് കുമാർ ചൗ
ഹാൻ പറഞ്ഞു. വിപണിയിലെ വിവേചനങ്ങൾ ഒഴിവാക്കാനും നി
ക്ഷേപകരുടെ വിശ്വാസം ആർജിക്കാനും ദീർഘകാല നിക്ഷേപ വ
ളർച്ച ഉറപ്പാക്കാനും ഇത് അത്യന്താപേക്ഷിതമാണെന്ന് അദ്ദേഹം
കൂട്ടിച്ചേർത്തു.

# ഇന്ത്യൻ ഉപഭോക്തൃ ടയർ വിപണിയിൽ പ്രവേശിച്ച് ബി.കെ.ടി




**കൊച്ചി:** ബാലകൃഷ്ണ ഇൻഡസ്ട്രിസ് ലിമിറ്റഡ് (ബി.കെ.ടി) ഇന്ത്യ
യിലെ ഉപഭോക്തൃ ടയർ വിപണിയിൽ ഔദ്യോഗികമായി പ്രവേശിച്ചു.
ഓഫ്ഹൈവേ ടയർ മേഖലയിൽ ആഗോള നേതൃസ്ഥാനമുള്ള കമ്പനി,
ഇനി ഓൺഹൈവേ പോർട്ട്ഫോളിയോ അവതരിപ്പിച്ച് രണ്ടുചക്ര വാ
ഹനങ്ങൾക്കും മീഡിയം ആന്റ് ഹെവി കൊമേഴ്ഷ്യൽ വാഹനങ്ങൾ
ക്കും പ്രത്യേകമായി രൂപകൽപ്പന ചെയ്ത ടയറുകൾ പുറത്തിറക്കി.
ഇതോടൊപ്പം 'എലിവേറ്റ് യുവർ ഡ്രൈവ് ' എന്ന ദേശീയ ബ്രാൻഡ്
ക്യാമ്പയിൻ ആരംഭിച്ചതായി കമ്പനി അറിയിച്ചു. ബോളിവുഡ് താരം
രൺവീർ സിംഗ് ആണ് ബ്രാൻഡ് അംബാസഡർ. 'ബി.കെ.ടി ടയർസ്
' എന്ന ടയർ വിഭാഗവും 'ബി.കെ.ടി കാർബൻ ' എന്ന കാർബൺ ബ്ലാ
ക്ക്, വ്യാവസായിക വസ്തുക്കൾ വിഭാഗവും കമ്പനി അവതരിപ്പിച്ചു.

സൊസൈറ്റി ടുഡേ
SOCIETY TODAY

# ലാബിൽ നിന്ന് വ്യവസായത്തിലേക്ക്; കൊച്ചിയിൽ ഗ്ലോബൽ ഗ്രാഫീൻ സമ്മേളനം

**കൊച്ചി:** ഗ്രാഫീനും മറ്റ് ദ്വിമാന (2ഡി) വസ്തുക്കളും ഉപയോഗിച്ചുള്ള ഏറ്റവും പുതിയ കണ്ടുപിടുത്തങ്ങളും ഗവേഷണങ്ങളും ചർച്ച ചെയ്യുന്ന 'ഗ്രാഫിൻ ഇന്ത്യ 2026' അന്താരാഷ്ട്ര സമ്മേളനവും പ്രദർശനവും മാർച്ച് 9 മുതൽ 12 വരെ ലെ മെറിഡിയൻ കൺവൻഷൻ സെന്ററിൽ നടക്കും. കനമില്ലാത്തതും ചാലകശക്തിയേറിയതും അതിശക്തവുമായ അത്ഭുത ഇലക്ട്രോണിക് പദാർത്ഥമാണ് ഗ്രാഫീൻ. രാജ്യത്തെ ഗ്രാഫീൻ ഗവേഷണ രംഗത്ത് മുൻ നിരയിലെത്തിക്കുക എന്ന ലക്ഷ്യത്തോടെ കേന്ദ്ര ഇലക്ട്രോണിക്സ് ഐടി മന്ത്രാലയത്തിന്റെ കീഴിലുള്ള സെന്റർ ഫോർ മെറ്റീരിയൽസ് ഫോർ ഇലക്ട്രോണിക്സ് ടെക്നോളജിയാണ് (സിമെറ്റ് ) സമ്മേളനം സംഘടിപ്പിക്കുന്നത്. സ്പെയിനിലെ ഫാന്റം ഫൗണ്ടേഷനും, ഗ്രാഫീൻ ഗവേഷണത്തിൽ മുൻ നിരയിലുള്ള മാഞ്ചസ്റ്റർ സർവകലാശാല (യു.കെ) യുമായി സഹകരിച്ചാണ് ആണ് സമ്മേളനം സംഘടിപ്പിക്കുന്നത്.

ഇന്ത്യ ഇന്നവേഷൻ സെന്റർ ഫോർ ഗ്രാഫീൻ, സെന്റർ ഓഫ് എക്സലൻസ് ഇൻ ഇന്റലിജന്റ് ഇന്റർനെറ്റ് ഓഫ് തിങ്ങ്സ് സെൻസേഴ്സ് എന്നിവയോടൊപ്പം ടാറ്റ സ്റ്റീൽ, കാർബറം യൂണിവേഴ്സൽ, ടി.എ.സി.സി, എൽ.ഒ.എൽ.സി അഡ്വാൻസ്ഡ് ടെക്നോളജീസ് തുടങ്ങി പ്രമുഖ കമ്പനികളും സമ്മേളനത്തെ പിന്തുണക്കുന്നു. പരീക്ഷണ ശാലകളിലെ കണ്ടെത്തലുകൾ വ്യവസായികമായി പ്രയോജനപ്പെടുത്തുന്നതിൽ ഐ.ഐ.സി.ജി നിർണായക പങ്ക് വഹിച്ചിട്ടുണ്ടെന്ന് സംഘാടകർ പറഞ്ഞു. ഗ്രാഫീൻ നയം പ്രഖ്യാപിച്ച ഇന്ത്യയിലെ ആദ്യ സംസ്ഥാനമാണ് കേരളം. ഗ്രാഫീൻ ഉൽപ്പാദനത്തിലും ഗവേഷണത്തിലും കേരളത്തെ ആഗോള കേന്ദ്രമാക്കുക എന്ന ലക്ഷ്യത്തോടെയാണ് സംസ്ഥാന സർക്കാർ പുതിയ ഗ്രാഫീൻ നയത്തിന് അംഗീകാരം നൽകിയത്.

ഗ്രാഫീൻ സാങ്കേതികവിദ്യയുടെ ഗവേഷണം, പ്രായോഗിക ഉപയോഗം, വ്യവസായ വികസനം എന്നിവ പ്രോത്സാഹിപ്പിക്കുന്ന ബൃഹത്തായ പദ്ധതികളാണ് സംസ്ഥാനം വിഭാവനം ചെയ്യുന്നത്. രാജ്യത്തിന്റെ വളർന്നുവരുന്ന ഗവേഷണ പരിസ്ഥിതിയും സംസ്ഥാനത്ത് സജ്ജമായ അടിസ്ഥാന സൗകര്യങ്ങളും സമ്മേളനത്തിന് വേദിയായതിനു പിന്നിലെ പ്രധാന കാരണങ്ങളാണെന്ന് സംഘാടകർ പറഞ്ഞു.

ഒരു ആറ്റം മാത്രം കട്ടിയുള്ള കാർബൺ പാളിയാണ് ഗ്രാഫീൻ. പേപ്പറിനേക്കാൾ ലഘുവും സ്റ്റീലിനേക്കാൾ ശക്തവുമാണ് ഗ്രാഫീൻ അറിയപ്പെടുന്നത്. വൈദ്യുതിയും ചൂടും മികച്ച രീതിയിൽ കടത്തി വിടും. ഇതുപോലുള്ള ദ്വിമാന വസ്തുക്കൾ ഇലക്ട്രോണിക്സ്, ബാറ്ററി, മെഡിക്കൽ ഉപകരണങ്ങൾ, വെള്ള ശുദ്ധീകരണ ഫിൽറ്റർ, സ്മാർട്ട് കോട്ടിംഗ് എന്നിവയിൽ വിപ്ലവകരമായ സാധ്യതകൾ തുറക്കുന്നതായി സിമെറ്റ് ഡയറക്ടർ ജനറൽ ഡോ. ആർ. രതീഷ് അറിയിച്ചു. നാലുദിവസം നീളുന്ന സമ്മേളനത്തിൽ ശാസ്ത്രജ്ഞർ, വ്യവസായ പ്രമുഖർ, സ്റ്റാർട്ടപ്പുകൾ, നിക്ഷേപകർ, നയരൂപീകരണകർ എന്നിവർ പങ്കെടുക്കും. സമകാലിക ഗവേഷണങ്ങളും വ്യവസായാവസരങ്ങളും സംബന്ധിച്ച പ്രത്യേക പ്രദർശനവും ഉണ്ടായിരിക്കും.

## മൈഡെസിഗ്നേഷൻ 40 കോടി രൂപ സമാഹരിച്ചു

**കൊച്ചി:** ഡിസൈൻ ഇന്നവേഷൻ അധിഷ്ഠിതമായ, ഡയറക്ട് ടു കൺസ്യൂമർ (ഡി2സി) ഫാഷൻ ബ്രാൻഡായ മൈഡെസിഗ്നേഷൻ, ആർപിഎസ്ജി ക്യാപിറ്റൽ വെഞ്ചേഴ്സ് നയിച്ച സീരീസ് എ റൗണ്ടിൽ 40 കോടി രൂപ സമാഹരിച്ചു. മൾട്ടിപ്ലൈ വെഞ്ചേഴ്സ്, ഡൊമിനോർ ഇൻവെസ്റ്റ്മെന്റ്സ് എന്നിവയും ഫിംഗ് റൗണ്ടിൽ പങ്കെടുത്തു. പുതിയ മൂലധനം സ്വന്തമായി ഓഫ്‌ലൈൻ റീട്ടെയിൽ സ്റ്റോറുകൾ ആരംഭിച്ച് വ്യാപനം ശക്തിപ്പെടുത്തുന്നതിനും സീനിയർ ലീഡർഷിപ്പ് ടീം ശക്തിപ്പെടുത്തുന്നതിനും, പുതിയ ഉൽപ്പന്ന വിഭാഗങ്ങൾ അവതരിപ്പിക്കുന്നതിനുമായി വിനിയോഗിക്കുമെന്ന് കമ്പനി അധികൃതർ അറിയിച്ചു. സീരീസ് എ ഫ്‌റെയ്സ് സ്വന്തമായി ഔട്ട്‌ലെറ്റുകൾ വഴി ഓഫ്‌ലൈൻ സാന്നിധ്യം വർധിപ്പിക്കാനും, സീനിയർ ടാലന്റുകളിൽ നിക്ഷേപിക്കാനും, പുതിയ വിഭാഗങ്ങളിലേക്ക് വ്യാപിക്കാനും, ശാസ്ത്രീയവും സ്ഥിരതയാർന്നതുമായ വളർച്ച കൈവരിക്കാനും സഹായിക്കുമെന്ന് മൈഡെസിഗ്നേഷൻ സഹസ്ഥാപകൻ സ്വരൂപ് കൃഷ്ണൻ പറഞ്ഞു.

## എഐ അധിഷ്ഠിത സെർച്ച് ഫീച്ചർ അവതരിപ്പിച്ച് ഫോൺപേ

**കൊച്ചി:** ഫോൺപേ പുതിയ എഐ അധിഷ്ഠിത നാച്ചുറൽ ലാംഗ്വേജ് സെർച്ച് ഫീച്ചർ അവതരിപ്പിച്ചു. മൈക്രോസോഫ്റ്റ് ഫൗണ്ട്രിറുടെ സാങ്കേതിക ശേഷികളെ ഉപയോഗിച്ചാണ് ഈ സംവിധാനം വികസിപ്പിച്ചിരിക്കുന്നത്. ഉപയോക്താക്കൾക്ക് ടെക്സ്റ്റ് അല്ലെങ്കിൽ വോയ്സ് കമാൻഡുകൾ വഴി ആപ്പിൽ ആവശ്യമായ സേവനങ്ങൾ എളുപ്പത്തിൽ കണ്ടെത്താനും ഇടപാടുകൾ പൂർത്തിയാക്കാനും ഇനി സാധിക്കുമെന്ന് കമ്പനി അധികൃതർ അറിയിച്ചു. ഉപയോക്താവിന്റെ ഉദ്ദേശ്യം മനസ്സിലാക്കി നേരിട്ട് ബന്ധപ്പെട്ട സേവനങ്ങളിലേക്ക് വഴികാട്ടുന്ന സംവിധാനമാണിത്. ഡാറ്റയുടെ സുരക്ഷയും സ്വകാര്യതയും ഉറപ്പാക്കുന്ന ഹൈബ്രിഡ് സാങ്കേതിക വിദ്യ ഉപയോഗിച്ചാണ് സംവിധാനം പ്രവർത്തിക്കുന്നത്. ഈ ഫീച്ചർ ഘട്ടംഘട്ടമായി രാജ്യത്തുടനീളം ഉപയോക്താക്കൾക്ക് ലഭ്യമാക്കുമെന്ന് കമ്പനി അറിയിച്ചു.

## കുളവാഴയധിഷ്ഠിത ഉത്പന്ന നിർമ്മാണം: എംപെഡ പൈലറ്റ് പദ്ധതിക്ക് തുടക്കമായി

**കൊച്ചി:** കുളവാഴ ഉപയോഗിച്ചുള്ള മൂല്യവർദ്ധിത ഉൽപ്പന്ന നിർമ്മാണത്തിലൂടെ മത്സ്യത്തൊഴിലാളികൾക്ക് വരുമാനമാർഗ്ഗം ഒരുക്കുന്ന പൈലറ്റ് പരിശീലന പദ്ധതിക്ക് തുടക്കമായി. മറൈൻ പ്രോഡക്ട് ഡവലപ്മെന്റ് അതോറിറ്റിക്ക് (എംപെഡ) കീഴിലുള്ള നെറ്റ്ഫിഷും കൊച്ചി ജെയിൻ യൂണിവേഴ്സിറ്റിയും സംയുക്തമായാണ് പദ്ധതി നടപ്പാക്കുന്നത്. എംപെഡ ആസ്ഥാനത്ത് നടന്ന ചടങ്ങിൽ ഫ്യൂച്ചർ കേരള മിഷൻ ചെയർമാൻ വേണു രാജാമണി ഉദ്ഘാടനം നിർവ്വഹിച്ചു. കുളവാഴ പ്രശ്നത്തിന് ശാശ്വത പരിഹാരം കാണുന്നതിനായി വികേന്ദ്രീകൃത കമ്മ്യൂണിറ്റി അധിഷ്ഠിത മോഡലാണ് ലക്ഷ്യമിടുന്നതെന്ന് വേണുരാജമണി പറഞ്ഞു. ഇതിലൂടെ ഒരു വശത്ത് കുളവാഴ നിർമാർജനം ഉറപ്പാക്കുമ്പോൾ മറുവശത്ത് മത്സ്യത്തൊഴിലാളികൾക്കും കർഷകർക്കും കൃത്യമായ വരുമാന മാർഗവും സൃഷ്ടിക്കപ്പെടുന്ന രീതിയിലാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. ഫ്യൂച്ചർ കേരള മിഷൻ ആരംഭിച്ച പദ്ധതിക്ക് ജില്ലാ ഭരണകൂടവും കൊച്ചി കോർപ്പറേഷനും പൂർണ പിന്തുണ നൽകിയിട്ടുണ്ട്. മറ്റു കേന്ദ്ര സംസ്ഥാന ഏജൻസികളുടെയും സ്വകാര്യ മേഖലയുടെയും പിന്തുണയും അദ്ദേഹം അഭ്യർത്ഥിച്ചു.




കുളവാഴയെ ഒരു പ്രതിസന്ധിയായല്ല, അവസരമായാണ് കാണേണ്ടതെന്ന് അധ്യക്ഷത വഹിച്ച എംപെഡ ചെയർമാൻ ഡി.വി. സ്വാമി അഭിപ്രായപ്പെട്ടു. സ്ത്രീകൾ നേതൃത്വം നൽകുന്ന ഈ പദ്ധതി ലോകത്തിന് തന്നെ മികച്ച മാതൃകയാണ്. പൈലറ്റ് പദ്ധതി വിജയകരമായി പൂർത്തിയാക്കിയാൽ ഇതിന്റെ ഭാഗമായ മത്സ്യത്തൊഴിലാളികൾക്ക് രാജ്യാന്തര വിപണി കണ്ടെത്താൻ ബാഴ്സലോണയിൽ നടക്കുന്ന സീഫുഡ് ഗ്ലോബൽ എക്സ്പോയിൽ പങ്കെടുക്കാനുള്ള അവസരം നൽകുന്നത് പരിഗണനയിലുണ്ടെന്നും അദ്ദേഹം വ്യക്തമാക്കി. മറൈൻ സയൻസ് ഉൾപ്പെടെയുള്ള മേഖലകളിൽ അക്കാദമിക് സഹകരണം ഉറപ്പാക്കുന്നതിനായി എംപെഡആർ.ജി.സി.എയും കൊച്ചി ജെയിൻ സർവകലാശാലയും തമ്മിലുള്ള ധാരണാപത്രം ചടങ്ങിൽ കൈമാറി. ഫോർട്ട് കൊച്ചി സബ് കളക്ടർ സായ് കൃഷ്ണ മുഖ്യാതിഥിയായിരുന്നു.

ജെയിൻ യൂണിവേഴ്സിറ്റി ന്യൂ ഇനിഷ്യേറ്റീവ്സ് ഡയറക്ടർ ഡോ. ടോം ജോസഫ് സംസാരിച്ചു. എറണാകുളം വളന്തക്കാട് മേഖലയിലെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട മത്സ്യത്തൊഴിലാളി കുടുംബത്തിനാണ് ഈ സുസ്ഥിര വികസന പദ്ധതിയുടെ നേരിട്ടുള്ള പ്രയോജനം ലഭിക്കുന്നത്. മൂന്ന് ഘട്ടങ്ങളിലായി ക്രമീകരിച്ചിരിക്കുന്ന പരിശീലനത്തിൽ തിരഞ്ഞെടുക്കപ്പെട്ട 120 പേർക്ക് കുളവാഴ സംസ്കരിച്ച് പേപ്പർ, പൾപ്പ് അധിഷ്ഠിത കരകൗശല വസ്തുക്കൾ, നെയ്ത്ത് ഉൽപ്പന്നങ്ങൾ തുടങ്ങിയവ നിർമ്മിക്കാൻ ആറ് സെഷനുകളിലായി പരിശീലനം നൽകും. തുടർന്ന് മികച്ച പ്രകടനം കാഴ്ചവെക്കുന്നവർക്ക് മാസ്റ്റർ ട്രെയിനർമാരാകാനുള്ള പ്രത്യേക മെന്റർ ട്രെയിനിംഗും ഈ മേഖലയിൽ പ്രവർത്തിക്കുന്ന പ്രമുഖ സംരംഭങ്ങൾ നേരിട്ട് സന്ദർശിക്കാനുള്ള അവസരവും ഒരുക്കും.

കുളവാഴയുടെ ദൂഷ്യഫലങ്ങളെക്കുറിച്ച് ബോധവൽക്കരണം നൽകുന്നതിനൊപ്പം ജലാശയങ്ങളിലെ പാരിസ്ഥിതിക പുനരുദ്ധാരണവും സർക്കുലർ ഇക്കണോമിയിലൂടെയുള്ള ഗ്രാമീണ സംരംഭകത്വവും പ്രോത്സാഹിപ്പിക്കുകയാണ് ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യം.

## ഓമ്നിടെക് എഞ്ചിനീയറിംഗ് ഐപിഒ 27 വരെ

**കൊച്ചി:** ഓമ്നിടെക് എഞ്ചിനീയറിംഗ് ലിമിറ്റഡിന്റെ പ്രാഥമിക പൊതു ഓഹരി വിൽപന (ഐപിഒ) ഫെബ്രുവരി 27 വരെ നടക്കും. ഊർജ്ജം, ഓട്ടോമേഷൻ, മോഷൻ കൺട്രോൾ തുടങ്ങിയ വിവിധ മേഖലകൾക്കുള്ള എഞ്ചിനിയറിങ് ഘടകങ്ങളുടെ ഉത്പാദകരിൽ മുൻനിരക്കാരായ കമ്പനി 418 കോടി രൂപയുടെ പുതിയ ഇക്വിറ്റി ഓഹരികളും പ്രമോട്ടറുടെ 165 കോടി രൂപയുടെ ഇക്വിറ്റി ഓഹരികളുടെ ഓഫർ ഫോർ സെയിലുമാണ് ഐപിഒയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി. അഞ്ച് രൂപ മുഖവിലയുള്ള ഓഹരി ഒന്നിന് 216 മുതൽ 227 രൂപ വരെയാണ് വില നിശ്ചയിച്ചിരിക്കുന്നത്. കുറഞ്ഞത് 66 ഇക്വിറ്റി ഓഹരികൾക്കും തുടർന്ന് 66 ന്റെ ഗുണിതങ്ങൾക്കും അപേക്ഷിക്കാം. അർഹരായ ജീവനക്കാർക്കായി മാറ്റിവെച്ചിരിക്കുന്ന വിഭാഗത്തിൽ ഓഹരി ഒന്നിന് 11 രൂപ വീതം ഡിസ്കൗണ്ട് ലഭിക്കും.

ഓഹരികൾ എൻഎസ്ഇയിലും ബിഎസ്ഇയിലും ലിസ്റ്റ് ചെയ്യും. ഇക്വിറസ് കാപ്പിറ്റൽപ്രൈവറ്റ് ലിമിറ്റഡ്, ഐസിഐസിഐ സെക്യൂരിറ്റീസ് ലിമിറ്റഡ് എന്നിവരാണ് ഐപിഒയുടെ ബുക്ക് റണ്ണിങ് ലീഡ് മാനേജർമാർ.

സൊസൈറ്റി ടുഡേ
SOCIETY TODAY

# 100 മികച്ച കമ്പനികളുടെ പട്ടിക പുറത്തിറക്കി

**മുംബൈ/ കൊച്ചി:** ജെഎം ഫിനാൻഷ്യലും ഹുറുൺ ഇന്ത്യയും ചേർന്ന് 'ജെഎം ഫിനാൻഷ്യൽ ഹുറുൺ ഇന്ത്യ അൺലിസ്റ്റഡ് ജെംസ് 2026' എന്ന പേരിൽ മികച്ച 100 കമ്പനികളുടെ പ്രഥമ ലിസ്റ്റ് പുറത്തിറക്കി. 2.7 ലക്ഷം കോടി രൂപ വരുമാനമുള്ള റിലെയൻസ് റീട്ടെയിലാണ് പട്ടികയിൽ ഒന്നാം സ്ഥാനത്ത്. 83,000 കോടി വരുമാനമുള്ള ഫൽപ്കാർട്ട് രണ്ടാം സ്ഥാനത്തും 66,000 കോടിയുമായി മലബാർ ഗോൾഡ് ആന്റ് ഡയമ്സ് മൂന്നാം സ്ഥാനത്തും നിൽക്കുന്നു. ലിസ്റ്റിലുള്ള 100 കമ്പനികൾ ചേർന്ന് 2025ൽ മൊത്തം 8.9 ലക്ഷം കോടി രൂപയുടെ വരുമാനം നേടിയിരുന്നു. 2023ൽ ഇത് 6.7 ലക്ഷം കോടി രൂപയായിരുന്നു. പട്ടികയിൽ മൊത്ത വരുമാനത്തിന്റെ അടിസ്ഥാനത്തിൽ അതിവേഗ വളർച്ചയുള്ള കമ്പനികൾ ടാറ്റ ഇലക്ട്രോണിക്സും ടാറ്റ പാസഞ്ചർ ഇലക്ട്രിക് മൊബിലിറ്റിയുമാണ്. ജെഎസ്ഡബ്ല്യു 1 ആണ് മൂന്നാം സ്ഥാനത്ത്. യഥാർഥ വരുമാനം അടിസ്ഥാനമാക്കി റിലയൻസ് റീട്ടെയിൽ (22,573 കോടി) അദാനി പ്രോപ്പർട്ടീസ് (11,332 കോടി), സെറോദ ബ്രോക്കിംഗ് (5,664 കോടി) എന്നിവയാണ് ആദ്യ മൂന്നു സ്ഥാനങ്ങളിൽ. ഇന്ത്യയുടെ അധികമൊന്നും പ്രകടമല്ലാത്ത കുതിപ്പിന്റെ പ്രധാന്യമാണ് 'ജെഎം ഫിനാൻഷ്യൽ ഹുറുൺ ഇന്ത്യാ അൺലിസ്റ്റഡ് ജെംസ് 2026 ' പട്ടികയിലൂടെ വെളിപ്പെടുന്നതെന്ന് ജെഎം ഫിനാൻഷ്യൽ വൈസ് ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ വിശാൽ കംപാനി അഭിപ്രായപ്പെട്ടു. പുറത്തു കാണാത്ത 25.8 ലക്ഷം കോടി രൂപയുടെ സമാന്തര സമ്പദ് വ്യവസ്ഥയാണ് പട്ടിക ചൂണ്ടിക്കാട്ടുന്നതെന്ന് ഹുറുൺ ഇന്ത്യ സ്ഥാപകനും മുഖ്യ ഗവേഷകനുമായ അനസ് റഹ്മാൻ ജുനൈദ് പറഞ്ഞു.




# 60 വയസുകാരനിൽ അത്യാധുനിക ടിവാർ ശസ്ത്രക്രിയ നടത്തി

**കൊച്ചി :** ആസ്റ്റർ മെഡ്സിറ്റിയിലെ വിദഗ്ധ ഡോക്ടർമാരുടെ സംഘം 60 വയസ്സുകാരനിൽ സങ്കീർണമായ തോറാസിക് എൻഡോവാസ്കുലർ ഏയോർട്ടിക് റിപെയർ (ടിവാർ ) ശസ്ത്രക്രിയ വിജയകരമായി നടത്തി. വലിയ ഏയോർട്ടിക് അന്യൂരിസം കണ്ടെത്തിയ രോഗിക്ക് കടുത്ത പുറവേദന അനുഭവപ്പെട്ടിരുന്നു. ദീർഘകാല ഹൈപ്പർടെൻഷൻ, പുകവലി , ശ്വാസകോശ പ്രവർത്തനക്കുറവ്, ക്ഷയരോഗം തുടങ്ങിയ ആരോഗ്യപ്രശ്നങ്ങൾ ഉണ്ടായിരുന്നതിനാൽ തുറന്ന ശസ്ത്രക്രിയ അപകടകരമായിരുന്നു. ഇതേ തുടർന്ന് ടിവാർ ശസ്ത്രക്രിയ നടത്താൻ ഡോക്ടർമാർ തീരുമാനിച്ചത്.

ഉയർന്ന അപകടസാധ്യതയുള്ള രോഗികൾക്ക് കുറഞ്ഞ മുറിവുള്ള ടിവാർ പോലുള്ള രീതികൾ കൂടുതൽ സുരക്ഷിതവും വേഗത്തിലുള്ള സുഖപ്രാപ്തിയും നൽകുന്നതാണെന്ന് വാസ്കുലർ ആന്റ് ഇന്റർവെൻഷണൽ റേഡിയോളജി വിഭാഗം സീനിയർ കൺസൾട്ടന്റ് ഡോ. രോഹിത് പി.വി. നായർ അഭിപ്രായപെട്ടു. ഇന്ത്യയിൽ പുതുതായി ലഭ്യമായ ഉപകരണം ഉപയോഗിച്ചാണ് ശസ്ത്രക്രിയ നടത്തിയത്. ശസ്ത്രക്രിയയ്ക്ക് ശേഷം രോഗിയുടെ ആരോഗ്യനില സ്ഥിരത പുലർത്തുകയും വേദനയിൽ ആശ്വാസം ലഭിക്കുകയും ചെയ്തതായും ഡോക്ടർ പറഞ്ഞു.

ഇന്ത്യയിൽ പുതുതായി ലഭ്യമായ നെക്സ്റ്റ് ജനറേഷൻ ഉപകരണങ്ങൾ ഉപയോഗിച്ച് കുറഞ്ഞ മുറിവുള്ള ടിവാർ രീതിയാണ് ചികിത്സയ്ക്കായി സ്വീകരിച്ചത്. ഇതിലൂടെ സ്ട്രോക്ക്, ശ്വാസതടസ്സം തുടങ്ങിയ അപകടസാധ്യതകൾ കുറയ്ക്കാൻ സാധിച്ചു. ശസ്ത്രക്രിയയ്ക്ക് പിന്നാലെ രോഗിക്ക് വേദനയിൽ ആശ്വാസം ലഭിക്കുകയും ആരോഗ്യനില സ്ഥിരത പുലർത്തുകയും ചെയ്തതായും ഡോക്ടർ പറഞ്ഞു.

# ഭീം ആപ്പ് യുപിഐ സർക്കിൾ അവതരിപ്പിച്ചു

**കൊച്ചി:** നാഷണൽ പേയ്മെന്റ്സ് കോർപ്പറേഷൻ ഓഫ് ഇന്ത്യയുടെ ഉടമസ്ഥതയിലുള്ള ഭീം ആപ്പ് സുരക്ഷിതമായ ഡിജിറ്റൽ പണമിടപാടുകൾ പ്രോത്സാഹിപ്പിക്കാൻ ലക്ഷ്യമിട്ട് യുപിഐ സർക്കിൾ അവതരിപ്പിച്ചു. വിവിധ പണമിടപാടുകൾ നടത്തുമ്പോൾ സുരക്ഷയും നിയന്ത്രണവും ഉറപ്പാക്കുക എന്ന ലക്ഷ്യം മുൻനിർത്തിയാണ് ഭീം പേയ്മെന്റ്സ് ആപ്പ് 'യുപിഐ സർക്കിൾ' എന്ന പുതിയ ഫീച്ചർ അവതരിപ്പിച്ചിരിക്കുന്നതെന്ന് കമ്പനി അധികൃതർ പറഞ്ഞു.

യുപിഐ സർക്കിൾ വഴി പ്രാഥമിക ഉപയോക്താവിന് പരമാവധി അഞ്ച് ദ്വിതീയ ഉപയോക്താക്കളെ അധികാരപ്പെടുത്തി, നിർദ്ദിഷ്ട പരിധിക്കുള്ളിൽ അവരുടെ ബാങ്ക് അക്കൗണ്ടിൽ നിന്ന് യുപിഐ ഇടപാടുകൾ നടത്താൻ അനുവദിക്കാം. ദ്വിതീയ ഉപയോക്താവിന് സർക്കിളിന് കീഴിൽ സ്വന്തം യുപിഐ ഐഡി സൃഷ്ടിച്ച് സ്വതന്ത്രമായി ഇടപാടുകൾ നടത്താനും സാധിക്കും. ഇതിലൂടെ യുപിഐ പിൻ, പാസ് വേഡ്, അല്ലെങ്കിൽ മൊബൈൽ ഡിവൈസ് എന്നിവയുടെ ആക്സസ് പങ്കിടേണ്ട സാഹചര്യം ഒഴിവാക്കുന്നു.

പ്രൈമറി ഉപയോക്താവിന് മാസം പരമാവധി 15,000 രൂപയുടെ പരിധി നിശ്ചയിക്കാനും, ഒരു മാസം മുതൽ അഞ്ച് വർഷം വരെ അധികാരത്തിന്റെ കാലാവധി നിർണ്ണയിക്കാനും കഴിയും.

ദ്വിതീയ ഉപയോക്താവ് നടത്തുന്ന എല്ലാ ഇടപാടുകളും പ്രാഥമിക ഉപയോക്താവിന് വ്യക്തമായി കാണാനാകുന്നതിനാൽ പൂർണ്ണ സുതാര്യതയും നിയന്ത്രണവും ഉറപ്പാക്കുന്നു. ആവശ്യമായപ്പോൾ അനുമതികൾ തിരുത്തുകയോ റദ്ദാക്കുകയോ ചെയ്യാനും സൗകര്യമുണ്ട്. മുതിർന്ന പൗരന്മാർക്ക് ആത്മവിശ്വാസത്തോടെ ചെറിയ ദിവസേന ഇടപാടുകൾ നടത്താൻ ഇത് സഹായകരമാണെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി.

# റാഡിസൺ ഹോട്ടൽ–എംബിഡി ഗ്രൂപ്പ് സഹകരണത്തിന് തുടക്കം



**കൊച്ചി:** റാഡിസൺ ഹോട്ടൽ ഗ്രൂപ്പിന്റെ ആഡംബര ലൈഫ്സ്റ്റൈൽ ബ്രാൻഡുകളായ റാഡിസൺ കളക്ഷനും റാഡിസൺ റെഡും ഇന്ത്യയിലുടനീളം ശക്തമാക്കാനായി റാഡിസൺ ഹോട്ടൽ ഗ്രൂപ്പും എംബിഡി ഗ്രൂപ്പും ദീർഘകാല മാസ്റ്റർ ഫ്രാഞ്ചൈസി ധാരണയിൽ ഏർപ്പെട്ടു.

റാഡിസൺ ഹോട്ടൽ ഗ്രൂപ്പിന്റെ ആഗോള ബ്രാൻഡ് മികവും എംബിഡി ഗ്രൂപ്പിന്റെ വികസന, പ്രവർത്തന മേഖലകളിലെ മികവും സംയോജിപ്പിച്ച് രാജ്യത്ത് ആഡംബര, ലൈഫ്സ്റ്റൈൽ മേഖല വികസിപ്പിക്കുന്നതിൽ നിർണായക പങ്ക് വഹിക്കാനാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. ഈ സഹകരണത്തിന്റെ ഭാഗമായി ഇന്ത്യയിൽ ഉടനീളമുള്ള റാഡിസൺ കളക്ഷൻ എംബിഡി, റാഡിസൺ റെഡ് എംബിഡി എന്നിങ്ങനെ 50 കോബ്രാൻഡഡ് ഹോട്ടലുകളുടെ വികസനം എംബിഡി ഗ്രൂപ്പ് നിർവഹിക്കും. റാഡിസൺ ഹോട്ടൽ ഗ്രൂപ്പിന്റെ രാജ്യത്തെ ഏറ്റവും ഉയർന്ന പ്രകടനം കാഴ്ച വെക്കുന്ന നോയ്ഡയിലെ ആദ്യ പഞ്ച നക്ഷത്ര ഹോട്ടലായ റാഡിസൺ ബ്ലൂ എംബിഡി ഹോട്ടൽ റാഡിസൺ കളക്ഷൻ എംബിഡി ആക്കി മാറ്റി ആഗോള നിലവാരത്തിലേക്ക് ഉയർത്തും.




RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com